# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

KSFDC

കേരള ഭാഗ്യക്കുറി

filca

വോള്യം -7 | ലക്കം -130 | സെപ്റ്റംബർ 2024 | മലയാളം - ഇംഗ്ലീഷ്



**FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .**

## സെപ്റ്റംബർ ഫിലിം ഫെസ്റ്റിവൽ


### പ്രത്യയശാസ്ത്ര ചരിത്രപാഠ ചലച്ചിത്ര അദ്ധ്യായങ്ങൾ




**Rosa Luxembourg**
**Dir:Margretta Von Trotta**
**9: 30 AM - 11:33 AM**
**123 MINS**




**Mukhaamukham**
**( Face to Face )**
**Dir:Adoor Gopalakrishnan**
**11:40 PM - 1:27 PM**
**107 MINS**





**Memories of Underdevelopment**
**Dir: Tomaz Alea**
**3:40 PM - 5:17 PM**
**97 MINS**

All are welcomed ( admission to people who are above 18 years old )

**26 Thursday September 2024**

**Venue:**
**Madana Mohanan A/C Auditorium ,**
**Joint Council Building,**
**Near Press Club ,Trivandrum.**




**Ashes and Diamonds**
**Dir:Andrzej Wajda**
**5:30 PM - 7:53 PM**
**143 MINS**




**Electra My Love**
**Dir : Miklos Jancso**
**8:00 PM - 9:10 PM**
**70 MINS**



**Shaji.N.Karun,**
Chairman,
Film Development Corporation

Inauguration of seminar and speech on Political Ideology, Aesthetics and World Cinema.



**Premkumar ,**
Chairman,
Kerala Chalachithra Akademy

Inauguration of Film Festival.


കേരള സർക്കാർ
തിരുവോണം ബമ്പർ
ഭാഗ്യക്കുറി 2024
ഒന്നാം സമ്മാനം
₹25 കോടി
2ാം സമ്മാനം
₹1 കോടി
വീതം 20 പേർക്ക്
COMMON TO ALL SERIES
3ാം സമ്മാനം
₹50 ലക്ഷം
വീതം 20 പേർക്ക്, ഓരോ പരമ്പരയിലും 2 സമ്മാനം.
4ാം സമ്മാനം
₹5 ലക്ഷം
വീതം 10 പരമ്പരകൾക്ക്
5ാം സമ്മാനം
₹2 ലക്ഷം
വീതം 10 പരമ്പരകൾക്ക്
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വാസ്തം സുതാര്യം ജനകീയം
കൂടാതെ 5000,2000,1000,500 രൂപയുടെ നിരവധി സമ്മാനങ്ങൾ
ടിക്കറ്റ് വില ₹500
നറുക്കെടുപ്പ് : 09/10/2024,2pm
തിരുവോണം ബമ്പർ ഭാഗ്യക്കുറി 2024
Thiruvonam Bumper Lottery 2024
Ticket Price ₹500
Date of Draw 09-10-24, 2pm

With best compliments from

KREAVIA

വോള്യം -7 ലക്കം -130 സെപ്റ്റംബർ 2024 മലയാളം - ഇംഗ്ലീഷ്

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



KSFDC

# FILM VISION
# DIGITAL FILM MAGAZINE

## WHATS INSIDE

SEPTEMBER 2024

INDEX

1. IFFK 2024 ൽ ഫിലിം സൊസൈറ്റികൾക്ക് പരിഗണന വേണം
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 13


2. പ്രത്യയശാസ്ത്രവും സൗന്ദര്യശാസ്ത്രവും ലോകസിനിമയും
– ജയചന്ദ്രൻ കല്ലിംഗൽ (ജോയിന്റ് കൗൺസിൽ –നന്മ ഫിലിം സൊസൈറ്റി) 17


3. പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്ര അധ്യായങ്ങൾ
(സാബു ശങ്കർ / ഫിൽക്ക ) 21


4. Margretta Von Trotta .....Honey within a rock
– Jacintha Morris ( Filca) 32


5. അടൂർ ഗോപാലകൃഷ്ണൻ : ഇന്ത്യൻ ഫിലിം മാസ്റ്റർ
– അർപ്പണ ( വൈസ് പ്രസിഡന്റ്, ഫിൽക്ക) 33


6. Tomáz Gutiérrez Alea... With dialectical insight
– Jacintha Morris ( Filca) 35


7. ആന്ദ്രേ വാജ്ദ
– സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി) 36


8. MIKLOS JANCSO....Surrealistic - Semiotics style film maker
– Jacintha Morris ( Filca) 38


9 . (പ്രതികരണം) അടൂർ ഫിലിം ഫെസ്റ്റിവൽ
– ജോൺ തോമസ് (ഫിൽക്ക) 40


10 . (വാർത്ത) ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിൽ ഒരു പടി കൂടി മുന്നോട്ട്
–അടൂർ ഗോപാലകൃഷ്ണൻ– സാം ആന്റണി, (ഫിൽക്ക) 43


Website:www.filca.in
Email:filcakerala@gmail.com

# FILM VISION

Madana Mohanan A/C Auditorium,
Joint Council Building,
Near Press Club ,Trivandrum.

## PROGRAM INAUGURATION:


26 , THURSDAY, SEPTEMBER ,2024.

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .

Filca

2:30 PM to 3: 30 PM

**Inaugural Program**



Welcome speech : **DR.B. RADHAKRISHNAN**
( President , Filca Film Society)



Presided over : **JAYACHANDRAN KALLINKAL**
(State General Secretary,Joint Council ).



Inauguration of Seminar on Political Ideology, Aesthetics and World Cinema: **PADMASREE SHAJI.N.KARUN**
( Chairman, KSFDC).



Inauguration of Film Festival and Speech on the concept of Film Festival : **PREM KUMAR**
(Chairman, Kerala Chalachithra Academy )



About the World Cinema literacy program for students and the declaration of Quiz winners by : **VIJAYA KRISHNAN**
( Film Critic and Novelist)



Society, Politics, Art and Human Rights : **Adv. PHILIP JOSEPH**
( TVM District President, Human Rights Protection Mission )



Historicity and cinematic dimensions of curated 5 films : **SABU SANKAR**
(Novelist , Film Author, Documentary Director, Chief Correspondent to Nerkazhcha Weekly USA and Kerala Correspondent to Samiksha Magazine ,Canada)

**Seminar and Prize distribution to Quiz winners and participants : 2:30 PM**



Gratitude : **ARPANAA**
( Girija Surendran - Actress & Vice President, Filca ).

കേരള ഭാഗ്യക്കുറി

KSFDC

filca

# FILM VISION
# September Film Festival 2024

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other Cultural organisations .

| 26 Thursday , September,2024 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

F I L C A

**9:30 AM - 11:33 AM**
Rosa Luxembourg




Dir:Margretta Von Trotta
Germany .

**11:40 AM - 1:27 PM**
Mukhaamukham ( Face to Face )




Dir:Adoor Gopalakrishnan
India

**3:40 PM - 5:17 PM**
Memories of Underdevelopment




Dir: Tomaz Alea
Cuba

**5:30 PM - 7:53 PM**
Ashes and Diamonds



Dir: Andrzej Wajda
Poland

**8:00 PM - 9:10 PM**
Electra My Love



Dir: Miklos Jancso
Hungary

FILCA film society,
Trivandrum

filcakerala@gmail.com

PH: 80890 36090



THERE ARE
FILMS
IN
FROM
Golden Sparrow International Film Festival
ONE LEAF INTERNATIONAL FILM FESTIVAL
NFA
IFFK
KERALA STATE FILM AWARDS
Virgin Spring Cinefest
URUVATTI INTERNATIONAL FILM FESTIVAL
CYBER FILM FESTIVAL
MTIFF
DURGAPUR INTERNATIONAL FILM FESTIVAL
Madrid International Film Festival
Eurasia International Monthly Film Festival
Sacramento International Film Festival
Durban International Film Festival
Kalakari
& Curated by the Creators of Cultural contents and more...
Owned by
Department of Cultural Affairs
Government of Kerala
CSPACE
Developed and managed by
Kerala State
Film Development Corporation
WORLD'S FIRST GOVERNMENT OPERATED OTT PLATFORM
GET IT ON Google Play
Download on the App Store

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

8

KSFDC




www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com


www.kswdc.org
181
Enabling the Women of Kerala to Realize their Full Potential
About KSWDC
The Kerala State Women's Development Corporation, a Public Sector Undertaking under Govt. of Kerala established in 1988 with a prime objective to empower & educate women by helping them to overcome the constraints & challenges that hamper their growth and advancements.
Employment & Skilling
Self-Employment Loan Schemes (Women & Transgenders)
Educational Loan Schemes
Entrepreneurship Development Programmes (EDP)
REACH Finishing School for Women
Advanced Skill Enhancement Programme in Nursing (ASEPN)
Vanamithra Skill Development Centre for Tribal Women
Health & Hygiene
SHE PAD programme-Supply of sanitary napkins, napkin destroyers & almirahs in Govt./Aided Schools
Menstrual Hygiene Awareness Programme
Women Safety
181- 24X7 Women Helpline
Bodhyam – Gender Sensitization Training for Police
Infrastructure for Women
Vanitha Mithra Kendra- Working Women's Hostel
Safe Stay – Short stay facility for women
Corporate Office
THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD
1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P.O, Trivandrum 695023
Ph:0471 2454585, 9496015015
Email: md@kswdc.org, head@kswdc.org
Connect with us


Felicitations to GIRIJA SURENDRAN (ARPANAA),
Vice President, Filca Film Society.
സ്ത്രീജീവിതത്തിന്റെ ഉള്ളാഴങ്ങളിൽ നിന്ന് യാതനകളുടെയും ചെറുത്തുനിൽപ്പിന്റെയും
പ്രമേയം ആസ്പദമാക്കിയുള്ള ധ്വന്യാത്മക ഏകപാത്ര നാടക ആവിഷ്കാരം.
അൻപത് മിനിറ്റ് ദൈർഘ്യമുള്ള ആഖ്യാനം. ഭാരതീയ നാട്യസംസ്കൃതിയുടെ
സംഗീതാത്മക രംഗഭാഷ. രാജ്യാന്തരവേദികളിൽ അവതരിപ്പിക്കാൻ
അനുയോജ്യം. ഫോൺ - 94953 76760
ARPANAA FOUNDATION
ARPANAA FOUNDATION
Thiruvananthapuram
Reg no.38/4/2021
ARPANAA FOUNDATION PRESENTS
KANALATTAM
On stage : GIRIJA SURENDRAN (ARPANAA)
Direction: Dr. Raja Varier, Script : Dr. Aromal.T. ,
Theme : Prabha Varma ( Poetry - Kanalchilambu),
Singer : Kavalam Sreekumar, Light Design : Gireesh Chandran ,
Music : Satheesh. K. Narayanan, Set : Pradeep Ayirooppara ,
Costume: Shobha, Make - Up : Narayanan.

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



KSFDC

# ഫിൽക ഫിലിം ക്വിസ്

## സെപ്റ്റംബർ - 2024



വിശ്വ ചലച്ചിത്രകലയുടെ സാക്ഷരത ലക്ഷ്യമാക്കി വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിച്ച പ്രതിമാസ ക്വിസ് മത്സരത്തിൽ മാളവിക.ടി (കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്), ലക്ഷ്മി. എം ( യൂണിവേഴ്സിറ്റി കോളേജ് ) ടീം ഒന്നാം സമ്മാനത്തിന് അർഹമായി. അദ്വൈത്. പി.എസ്. (മാർ ഇവാനിയോസ് കോളേജ്) - ജയകൃഷ്ണൻ . ജെ. ആർ (മാർ ഇവാനിയോസ് കോളേജ്) ടീം രണ്ടാം സ്ഥാനം നേടി. ശ്രേയസ്.ഡി.പി ( എൻ.എസ്.എസ്.കോളെജ് നിലമേൽ) - അലി ആസാദ്.എൻ. എഫ്. ( യൂണിവേഴ്സിറ്റി കോളേജ് ) ടീം മൂന്നാം സമ്മാനത്തിന് അർഹരായി.



ജോയിന്റ് കൗൺസിൽ ഹാളിൽ നടന്ന ക്വിസ് മത്സരം നയിച്ച ചലച്ചിത്ര നിരൂപകനും നോവലിസ്റ്റുമായ വിജയകൃഷ്ണൻ അഞ്ച് ഫിലിം ക്ലാസിക്കുകൾ ആസ്പദമാക്കി ഇരുപത്തിയഞ്ച് ചോദ്യങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി. ബാറ്റിൽഷിപ്പ് പൊട്ടംകിൻ, ബൈസിക്കിൾ തീവ്സ്, റാഷമോൺ, സെവൻത് സീൽ, പഥേർ പാഞ്ജലി എന്നീ സിനിമകളിൽ നിന്നായിരുന്നു ചോദ്യങ്ങൾ. ഏതാനും ചോദ്യങ്ങൾ ഒഴികെ ബാക്കി ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു എന്നത് സാഹിത്യം , കല, ശാസ്ത്രം , തത്വശാസ്ത്രം തുടങ്ങിയവ പോലെ ചലച്ചിത്രത്തെയും ഗൗരവമായി പരിഗണിക്കുന്ന വിദ്യാർത്ഥി കളുടെ സജീവ പങ്കാളിത്തമാണ് സൂചിപ്പിക്കുന്നതെന്ന് വിജയകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഫിൽക്ക പ്രസിഡന്റ് ഡോ. ബി.രാധാകൃഷ്ണൻ , ചലച്ചിത്ര നിരൂപകൻ - നോവലിസ്റ്റ് സാബു ശങ്കർ എന്നിവരുടെ സാന്നിധ്യത്തിൽ സംഘടിപ്പിച്ച ഫിലിം ക്വിസ് പ്രോഗ്രാമിന്റെ കോ- ഓർഡിനേറ്റർ ജസീന്ത മോറിസ് ക്വിസ് മത്സര വിജയികൾക്ക് 26 ന് നടക്കുന്ന ചലച്ചിത്ര മേളയിൽ സമ്മാനങ്ങൾ വിതരണം ചെയ്യുമെന്ന് അറിയിച്ചു.

### A Team Ist prize



മാളവിക. ടി.
കാര്യവട്ടം
യൂണിവേഴ്സിറ്റി
കാമ്പസ്



ലക്ഷ്മി. എം.
യൂണിവേഴ്സിറ്റി
കോളേജ്

### B Team IInd prize



അദ്വൈത്.
പി.എസ്
മാർ ഇവാനിയോസ്
കോളേജ്



ജയകൃഷ്ണൻ.
ജെ.ആർ
മാർ ഇവാനിയോസ്
കോളേജ്

### C Team IIIrd prize



ശ്രേയസ്.ഡി.പി
എൻ.എസ്.എസ്.
കോളേജ്




അലി ആസാദ്.
എൻ. എഫ്.
യൂണിവേഴ്സിറ്റി
കോളേജ്

സമീപകാലത്തെ ചലച്ചിത്രപഠനങ്ങളിൽ നിന്ന് ചരിത്രത്തെ കൈയൊഴിക്കുന്ന ഒരു തെറ്റായ പ്രവണത കാണുന്നു. ചലച്ചിത്ര വിദ്യാർഥികൾക്കും ചലച്ചിത്രപ്രവർത്തകർക്കും അനിവാര്യമായ ഒന്നാണ് ചരിത്രബോധം. ഫ്രഞ്ച് യുവചലച്ചിത്രപ്രവർത്തകർ നടത്തിയ ചരിത്രപഠനങ്ങളിലൂടെയാണ് പ്രഖ്യാതമായ ഫ്രഞ്ച് ന്യൂ വേവ് ഉരുത്തിരിഞ്ഞത്. ക്വിസ് പ്രോഗ്രാമുകൾ യുവാക്കളിൽ ചരിത്രത്തോടുള്ള ആഭിമുഖ്യം ഉണർത്താൻ സഹായകമാകുന്നു. ക്വിസ് ഒരു വിനോദം പോലെയാവും ആദ്യം അനുഭവപ്പെടുക. അചിരേണ ചരിത്രത്തിലേക്ക് ഗൗരവകരമായി കടന്നു കയറാൻ അതവരെ പ്രേരിപ്പിക്കും. ചരിത്രത്തിലേക്കുള്ള കിളിവാതിലാണ് ക്വിസ്." -

വിജയകൃഷ്ണൻ



# IFFK 2024- ൽ ഫിലിം സൊസൈറ്റികൾക്ക് പരിഗണന വേണം



ഡോ.ബി .രാധാകൃഷ്ണൻ
(പ്രസിഡന്റ് , ഫിൽക്ക



ചലച്ചിത്ര അക്കാദമിയുടെ താൽക്കാലിക ചെയർമാൻ ചുമതലയേറ്റ നടനും വാഗ്മിയുമായ പ്രേംകുമാറിന് ഫിൽക്ക യുടെ ആശംസകൾ!

ഓരോ വർഷവും ലോക സിനിമയിൽ എന്ത് സംഭവിക്കുന്നു എന്ന് അന്വേഷകർക്ക് അറിയാനുള്ള ഒരു വേദിയാണ് അന്താരാഷ്ട്ര ചലച്ചിത്രമേളകൾ . സിനിമ എന്ന കലാ രൂപത്തിലൂടെ വൈവിധ്യമാർന്ന സൃഷ്ടികൾ മനുഷ്യഭാവനയെ ഏറ്റവും നൂതനമായും സാമൂഹിക യാഥാർഥ്യങ്ങളെ ഏറ്റവും സൗന്ദ ര്യാത്മക മായും അവതരിപ്പിക്കുന്നതിനാൽ അവ പ്രദർശിപ്പിക്കുന്ന ചലച്ചിത്രമേളകളുടെ മാന ദണ്ഡം സിനിമകളുടെ ഗുണമേന്മയാണ്. ഗുണ മേന്മയാണ് ഒരു ചലച്ചിത്രമേളയെ ആഗോളതലത്തിൽ ശ്രദ്ധേയമാക്കുന്നത് . ചലച്ചിത്ര മേള സിനിമയെ പ്രോത്സാഹിപ്പിക്കുന്നതോ ടൊപ്പം മികച്ച പ്രേക്ഷകരെയും വളർത്തുന്നു . മനുഷ്യന്റെ സാംസ്കാരിക ചരിത്രത്തിൽ ലോകകലയുടെ മൂല്യം പ്രതിഫലിക്കുന്ന ഉത്തമ മാധ്യമം കൂടിയാണ് സിനിമ എന്നത് ബോധ്യപ്പെടുത്തുന്നതാവണം രാജ്യാന്തര ചലച്ചിത്രമേള .

നൂതന പ്രമേയവും ശൈലിയും ആവിഷ്ക്ക രിക്കുന്ന സ്വതന്ത്ര - സർഗ്ഗാത്മക സിനിമകൾ രാജ്യാന്തര തലത്തിൽ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ നിലപാട് ചലച്ചിത്രമേളയുടെ സംഘാടകർ സൂക്ഷിക്കേണ്ടതുണ്ട് . അവിടെ തീയേറ്ററിലെ കളക്ഷൻ ലക്ഷ്യമാക്കി നിർമ്മിക്കുന്ന ചാപല്യങ്ങളെ ഉൾപ്പെടുത്തരുത് . നില വാരം കുറഞ്ഞ പോപ്പുലർ സിനിമകൾ ഉൾപ്പെടുത്തിയാൽ അത് തത്വത്തിൽ ഒരു രാജ്യാന്തര ചലച്ചിത്രമേള അല്ലാതാവും . വാണിജ്യം ലക്ഷ്യമാക്കി നിർമ്മിക്കുന്ന 'തീയേറ്റർസിനിമകൾ ' സാംസ്കാരിക - ബൗദ്ധിക ഉൽപ്പന്നങ്ങളല്ല . അവയ്ക്കുള്ള വേദിയല്ല ചലച്ചിത്രമേളകൾ .

IFFK എങ്ങനെ നടത്തണമെന്ന് , രാജ്യാന്തര ചലച്ചിത്രമേളകളുമായി ബന്ധമില്ലാത്തവർ , പ്രത്യേകിച്ച് ക്ലാസിക് ചലച്ചിത്രധാരയുമായി പരിചയമില്ലാത്തവർ,കമ്മറ്റികളിൽ കയറി ക്കൂടി തീരുമാനിക്കുന്ന സാഹചര്യം പല പ്പോഴും ഉണ്ടായിട്ടുണ്ട് . അപ്പോഴൊക്കെ IFFK എന്ന രാജ്യാന്തര ചലച്ചിത്രമേള ഒരു കാർണി വൽ നിലവാരത്തിലേക്ക് തരംതാഴ്ന്നിട്ടുമുണ്ട് .

രാജ്യാന്തര തലത്തിലുള്ള ഏജൻസികൾ വഴിയും ക്യൂറേറ്റർമാർ വഴിയും മികച്ച സിനി മകൾ തെരെഞ്ഞെടുത്ത് പ്രദർശിപ്പിക്കുമ്പോൾ IFFK ലോകമാകെ ശ്രദ്ധിക്കപ്പെടുന്നു . വിവിധ രാജ്യങ്ങളിൽ നിന്നുള്ള പുതിയ മികച്ച സിനി മകൾക്ക് IFFK വേദിയാകുമ്പോൾ വിദേശ ഫെസ്റ്റിവൽ പ്രതിനിധികളും നിരൂപ കരും ക്യൂറേറ്റർമാരും IFFK യിൽ പ്രദർശിപ്പിച്ച സിനിമകളെ തെരഞ്ഞെടുത്ത് മറ്റ് രാജ്യാന്തര ചലച്ചിത്രമേളകളിൽ ഉൾപ്പെടുത്താനും വഴി തുറക്കും .

മാത്രമല്ല , ഇന്ത്യയിൽ നിന്നുള്ള മികച്ച ചലച്ചിത്ര സൃഷ്ടികളെ തെരഞ്ഞെടുത്ത് ,IFFK യിലെ ഇന്ത്യൻ പനോരമ പോലെ , NEW INDIAN CINEMA PACKAGE എന്ന രീതിയിൽ പ്രത്യേക വിഭാഗം ഗുണമേന്മയോടെ തയ്യാറാക്കിയാൽ വിദേശ ഫെസ്റ്റിവൽ പ്രതിനിധികൾക്ക് പരിശോധിക്കാൻ എളുപ്പമാണ് .

അതുപോലെ, NEW KERALA CINEMA PACKAGE കൂടി ഗുണമേന്മയാർന്ന മലയാളം ഫീച്ചർ - ഹ്രസ്വചിത്രം - ഡോക്യുമെന്ററി വിഭാഗം തെരഞ്ഞെടുത്ത് തയ്യാറാക്കിയാൽ വിദേശ ഫെസ്റ്റിവൽ പ്രതിനിധികൾക്കും നിരൂപകർക്കും ക്യൂറേറ്റർമാർക്കും മലയാള സിനിമയെ പ്രോത്സാഹിപ്പിക്കാൻ എളുപ്പമാകും .

വിദേശ ഫെസ്റ്റിവൽ പ്രതിനിധികൾ,നിരൂപകർ, ക്യൂറേറ്റർമാർ തുടങ്ങിയവർക്ക് താമസം , ഭക്ഷണം , യാത്ര സൗകര്യം ഏർപ്പെടുത്തി ക്ഷണിച്ചുകൊണ്ട് വരേണ്ടത് പ്രധാനപ്പെട്ട കാര്യമാണ് . ഇവരിലൂടെയാണ് ഫിലിം മാർക്കറ്റിങ് നടക്കുക . മുൻപ് ഫിലിം മാർക്കറ്റിങ് വിഭാഗം എന്ന പേരിൽ യാതൊരു ബന്ധവുമില്ലാത്തവരെ ഉൾപ്പെടുത്തി ഒരു കമ്മറ്റിയുണ്ടാക്കി ഒട്ടേറെ ലക്ഷങ്ങൾ ദുർവ്യയം ചെയ്തിരുന്നു . അത് ഒഴിവാക്കി, വിദേശ ഫെസ്റ്റിവൽ പ്രതിനിധികളെയും ക്യൂറേറ്റർമാരെയും നിരൂപകരെയും സ്വീകരിക്കുന്നതിൽ മുൻതൂക്കം നൽകിയാൽ ഫലമുണ്ടാകും .

ഫിലിം മാർക്കറ്റിങ് വിഭാഗം ലളിതമായ രീതിയിൽ ആസൂത്രണം ചെയ്യാവുന്നതാണ് . ഒരു ഇൻഫർമേഷൻ സെന്റർ രൂപപ്പെടുത്തുക .ലൈബ്രറികളിൽ കാറ്റലോഗ് കമ്പ്യൂട്ടറുകളിൽ തിരയുന്നത് പോലെ മൂന്നോ നാലോ കമ്പ്യൂട്ടറുകൾ ഏർപ്പെടുത്തിയാൽ ആവശ്യക്കാർക്ക് ഉപയോഗിക്കാം . ഫിലിം മാർക്കറ്റിങ്ങിനു ഒരു വെബ്സൈറ്റ് ഡിസൈൻ ചെയ്താൽ വിവിധ വിഭാഗങ്ങളിലുള്ള ഇന്ത്യൻ സിനിമകളെ കുറിച്ച് ,അതിന്റെ നിർമ്മാതാക്കളെ കുറിച്ച്, പ്രാഥമിക വിവരങ്ങൾ നൽകാൻ സാധിക്കും . അന്വേഷകർ തെരഞ്ഞെടുക്കുന്ന സിനിമകൾ പ്രത്യേകമായി കാണാനുള്ള സൗകര്യത്തിനോ നിർമ്മാതാവ് - സംവിധായകൻ എന്നിവരുമായി ബന്ധപ്പെടുന്നതിനോ ലിങ്കുകൾ നൽകിയാൽ എളുപ്പമായി . ഈ ഇൻഫർമേഷൻ സെന്ററിൽ തന്നെ കൂടിക്കാഴ്ചയ്ക്കുള്ള ചെറിയൊരു സൗകര്യം കൂടി ഏർപ്പെടുത്തണം .



IFFK കമ്മറ്റികളിൽ ഫിലിം സൊസൈറ്റി പ്രതിനിധികളെ ഉൾപ്പെടുത്താവുന്നതാണ് . കാരണം ഫിലിം സൊസൈറ്റികളാണ് കേരളത്തിൽ ചലച്ചിത്രമേളകൾ ആരംഭിച്ചതും നിലവിൽ വിവിധ ജില്ലകളിലായി ലോക സിനിമകൾ നിരന്തരം പ്രദർശിപ്പിച്ചുപോരുന്നതും . മികച്ച പ്രേക്ഷകരെ വളർത്തിയെടുക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഫിലിം സൊസൈറ്റികൾ നിർവഹിക്കുന്നത് .

അതിനാൽ , ഫിലിം സൊസൈറ്റികൾ നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള അംഗങ്ങൾക്ക് ഡെലിഗേറ്റ് ഫീസ് ഇനത്തിൽ 50 % ഇളവ് അനുവദിക്കണം . പ്രത്യേക പാസും റിസർവേഷൻ സൗകര്യവും ഏർപ്പെടുത്തണം . ഇവരാണ് ലോക സിനിമയെ മനസിലാക്കാൻ പരിശീലനവും ആസ്വാദനശേഷിയും ഉള്ളവർ . ഫിലിം സൊസൈറ്റി പ്രവർത്തകരും അംഗങ്ങളുമാണ് കേരളത്തിൽ കൂടുതൽ മികച്ച പ്രേക്ഷകരെ വളർത്തിയെടുക്കുന്നത് . 50% ഇളവ് അനുവദിച്ചാൽ സമൂഹത്തിൽ ഫിലിം സൊസൈറ്റികൾ ശ്രദ്ധാകേന്ദ്രമാവുകയും അവരിലൂടെ യോഗ്യരായ പ്രേക്ഷകരുടെ പങ്കാളിത്തം വർധിക്കുകയും ചെയ്യും .

ഫിലിം സൊസൈറ്റികൾ , ഫിലിം ക്ലബുകൾ , ചലച്ചിത്ര ഗവേഷണ സ്ഥാപനങ്ങൾ , ചലച്ചിത്ര പഠന പ്രസിദ്ധീകരണങ്ങൾ , ചലച്ചിത്ര നിരൂപകർ ,ചലച്ചിത്ര വിദ്യാർത്ഥികൾ , ചലച്ചിത്ര ഗ്രന്ഥകാരന്മാർ , ലൈബ്രറി പ്രവർത്തകർ എന്നിവർക്ക് ചർച്ചകൾ നടത്താനും ചലച്ചിത്ര പരിപാടികൾ നടത്താനും ഒരു സൗജന്യ സ്ഥലം പ്രത്യേകമായി അനുവദിക്കണം . KSFDC FILM CLUB എന്ന സംവിധാനത്തിനു കീഴിൽ ഈ സൗകര്യം സജ്ജമാക്കാവുന്നതാണ് . പ്രദർശനം നടക്കുന്ന തീയേറ്ററുകളിൽ വോളന്റിയർമാരായി നിൽക്കുന്നവർക്ക് പലപ്പോഴും ഡെലിഗേറ്റുകളോടുള്ള മാന്യമായ പെരുമാറ്റം അറിയില്ല എന്നത് പല ഫെസ്റ്റിവലുകളിലും ഉയരുന്ന പ്രശ്നമാണ്. കോളേജ്



തലങ്ങളിൽ നിന്ന് NCC SCOUT വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ സേവനമായിരിക്കും ഉചിതം

IFFK സംബന്ധിച്ച ഒരു പ്രത്യേക ഡിജിറ്റൽ സുവനീർ പതിപ്പ് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കി രാജ്യാന്തര ക്യൂറേറ്റർമാർക്കും പ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ് . കഴിഞ്ഞ IFFK ആസ്പദമാക്കി ഫിൽക്ക ഫിലിം സൊസൈറ്റി ഒരു പ്രത്യേക പഠന നിരൂപണ പതിപ്പ് 2023 ഡിസംബർ അവസാനം പ്രസിദ്ധീകരിച്ചിരുന്നു . അതിന്റെ ഡിജിറ്റൽ കോപ്പി ഇപ്പോഴും www.filca.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ് . അതിന്റെ ഉള്ളടക്കം പാരീസിൽ നിന്നുള്ള ക്യൂറേറ്റർ മനസ്സിലാ ക്കുകയും ഇംഗ്ലീ ഷ് ഭാഷയിലാക്കിയാൽ അവരത് ഫ്രഞ്ച് , ജർമ്മൻ ഭാഷയിൽ കൂടി പരിഭാഷപ്പെടുത്തി ലോകമാകെയുള്ള പ്രധാന ഫിലിം ഫെസ്റ്റിവൽ ഒഫീഷ്യലുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്യാമെന്നും അറിയിച്ചിരുന്നു . സന്ദേശങ്ങൾ ഉൾപ്പടെ 10 പേജുകൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള ചലച്ചിത്ര സ്ഥാപനങ്ങൾക്ക് നൽകാമെന്നും സാംസ്കാരിക വകുപ്പ് സഹകരിക്കണമെന്നും ഫിൽക്ക ആവശ്യപ്പെട്ടിട്ട് മറുപടിയൊന്നും ഉണ്ടായില്ല . അത്തരത്തിലൊരു പതിപ്പിന്റെ പ്രാധാന്യം ഇനിയെങ്കിലും മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു . IFFK യുടെ വളർച്ച യ്ക്ക് അത് ആവശ്യമാണ് .



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC



# പ്രത്യയശാസ്ത്രവും സൗന്ദര്യശാസ്ത്രവും ലോകസിനിമയും




ജയചന്ദ്രൻ കല്ലിംഗൽ,
(ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി)

രാഷ്ട്രീയം, ഭരണം, സാമൂഹിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ അല്ലെങ്കിൽ ഗ്രൂപ്പിന്റെ ധാരണയെ നയിക്കുന്ന വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും തത്വങ്ങളുടെയും ഒരു സഞ്ചയത്തെയാണ് രാഷ്ട്രീയ പ്രത്യയശാസ്ത്രം എന്ന വാക്ക് പൊതുവെ സൂചിപ്പിക്കുന്നത്.

ഈ വിജ്ഞാന ശാഖയിൽ സർക്കാരിന്റെ പങ്ക് , സാമ്പത്തിക വ്യവസ്ഥകൾ (ഉദാ. മുതലാളിത്തം, സോഷ്യലിസം), സാമൂഹിക നീതി- സമത്വ സങ്കല്പം , വ്യക്തിഗത അവകാശ - സ്വാതന്ത്ര്യങ്ങൾ , അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവ ഉൾപ്പെടുന്നു .

ലിബറലിസം (വ്യക്തി സ്വാതന്ത്ര്യത്തിലും അവകാശങ്ങളിലും ഊന്നൽ), യാഥാസ്ഥിതികത (പാരമ്പര്യത്തിലും സ്ഥിരതയിലും ഊന്നൽ), സോഷ്യലിസം (സാമ്പത്തിക സമത്വത്തിനും കൂട്ടായ ഉടമസ്ഥതയ്ക്കും ഊന്നൽ), കമ്മ്യൂണിസം (വർഗരഹിതവും രാജ്യരഹിത




വുമായ സമൂഹത്തിന് ഊന്നൽ ), ഫാസിസം (സ്വേച്ഛാധിപത്യ ദേശീയതയിൽ ഊന്നൽ), അരാജകത്വം (സമൂഹത്തിന്റെ അധികാരം നിരസിക്കൽ), പരിസ്ഥിതിവാദം (പാരിസ്ഥിതിക സുസ്ഥിരതയിൽ ഊന്നൽ), ഫെമിനിസം (ലിംഗ സമത്വത്തിന് ഊന്നൽ) എന്നിവ പ്രത്യയശാസ്ത്രത്തിന്റെ രീതിവിഷയങ്ങളാണ് .

ദൃശ്യ - ശ്രാവ്യ പ്രകടന രൂപങ്ങളിലിലുള്ള മനുഷ്യന്റെ സർഗ്ഗാത്മക വൈദഗ്ധ്യത്തിന്റെയും ഭാവനയുടെയും മേഖലയിലാണ് കലയുടെ തത്വശാസ്ത്രം ചർച്ച ചെയ്യുന്നത് . ചിത്രകല , ശിൽപം, സംഗീതം, സാഹിത്യം, നൃത്തം, നാടകം, സിനിമ തുടങ്ങിയ വിവിധ കലാ



രൂപങ്ങൾ ഉൾക്കൊള്ളുന്ന വീക്ഷണങ്ങൾ , വികാരങ്ങൾ, ആശയങ്ങൾ, അനുഭവങ്ങൾ എന്നിവയിലൂടെ കലയുടെ സൗന്ദര്യം, പ്രാധാന്യം , വൈകാരിക അനുരണനം എന്നിവ ചർച്ച ചെയ്യുന്നു . എന്താണ് സൗന്ദര്യം? നമ്മൾ എങ്ങനെയാണ് കലയെ അനുഭവിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ? സ്രഷ്ടാവും കലാസൃഷ്ടിയും കാഴ്ചക്കാരനും തമ്മിലുള്ള ബന്ധം എന്താണ്?

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society






ആനന്ദം, ആരാധന, അല്ലെങ്കിൽ ധ്യാനം എന്നിവ ഉണർത്തുന്ന ഒരു ഗുണമാണ് സൗന്ദര്യം .ചില കലാപരമായ ശൈലികൾക്കോ രൂപങ്ങൾക്കോ വേണ്ടിയുള്ള വ്യക്തിഗതവും സാംസ്കാരിക വുമായ മുൻഗണനകളാണ് അഭിരുചി . ഒരു കലാസൃഷ്ടിയുടെ ഭൗതികമോ ഘടനാപരമോ ആയ വശങ്ങളെ മൂർത്തമാക്കുന്നതാണ് രൂപം . ഒരു കലാസൃഷ്ടിയുടെ അർത്ഥം, സന്ദേശം , വൈകാരിക അനുരണനം എന്നിവ ഉൾക്കൊള്ളുന്നതാണ് ഉള്ളടക്കം . കല സൃഷ്ടിക്കപ്പെടുകയും അനുഭവിക്കുകയും ചെയ്യുന്ന സാമൂഹിക, സാംസ്കാരിക, ചരിത്ര , പാരിസ്ഥിതിക പശ്ചാത്തലമാണ് സന്ദർഭം .

കലയും സൗന്ദര്യശാസ്ത്രവും ഗവേഷണം ചെയ്യുന്നതിലൂടെ, സർഗ്ഗാത്മകത, ധാരണ, സംസ്കാരം എന്നിവയിൽ ഉൾക്കാഴ്ചകൾ നേടാനും ചുറ്റുമുള്ള ലോകത്തെ കുറിച്ച് ആഴത്തിലുള്ള ഗ്രാഹ്യം വളർത്തിയെടുക്കാ നും കഴിയും. സിനിമയുടെ ശൈലി എന്നത് ഒരു ചലച്ചിത്രകാരൻ തന്റെ കാഴ്ചപ്പാട് അറി യിക്കാൻ ഉപയോഗിക്കുന്ന അനന്യമായ ദൃശ്യ പരവും ആഖ്യാനപരവുമായ സമീപനത്തെ സൂചിപ്പിക്കുന്നു. ഈ ശൈലി നിരന്തരം നിർണായകമാണ്. ശബ്ദവും അന്തരീക്ഷവും സിനിമയുടെ മനഃശാസ്ത്രത്തെയും വൈകാരിക അനുരണനത്തെയും സ്ഥാപിക്കുന്നു . തനതായ ദൃശ്യമാതൃക സിനിമയെ മറ്റുള്ളവയിൽ നിന്ന് വേർതിരിക്കുകയും തിരിച്ചറിയാൻ കഴിയുന്നതാ ക്കുകയും ചെയ്യുന്നു. പ്രേക്ഷകരുടെ വ്യാഖ്യാന ത്തിന് വഴികാട്ടുന്നു .

ചലച്ചിത്രകലയുടെ സത്യങ്ങളിൽ ആഖ്യാനം, കഥാപാത്രങ്ങൾ, തീമുകൾ എന്നിവ കാഴ്ചക്കാ രെ എങ്ങനെ കൂടുതൽ സ്വാധീനിക്കുന്നു? വിഷ്വൽ മോട്ടിഫുകൾക്കും തനതായ ശൈലി യ്ക്കും തിരഞ്ഞെടുപ്പുകൾക്കും ആഴത്തിലുള്ള അർത്ഥങ്ങളും പ്രതീകാത്മകതയും അറിയി ക്കാൻ കഴിയും. ഒരു വേറിട്ട ശൈലിക്ക് കാഴ്ചക്കാരെ ആകർഷിക്കാനും അവരുടെ വൈകാരികതയെയോ ചിന്തയേയോ പ്രത്യുൽ പ്പാദിക്കാനും കഴിയും.

ഫ്രെയിമിംഗ്, ക്യാമറ ആംഗിളുകൾ, പ്രകാശം, നിഴലുകൾ, വർണ്ണ തീവ്രത,നിറങ്ങളുടെ തിരഞ്ഞെടുപ്പ്, പാനിംഗ് - ട്രാക്കിംഗ് - സ്റ്റാറ്റിക് ഷോട്ടുകൾ, ആഖ്യാനത്തെ രൂപപ്പെടുത്തുന്ന പേസിംഗ്, കട്ട്സ്, ട്രാൻസിഷനുകൾ , സംഗീതം, എഫ്എക്സ്, എന്നിവ ഒരു സൃഷ്ടിയുടെ ആശയങ്ങളും വികാരങ്ങളും ഒരു ദൃശ്യഭാഷ




യിലേക്ക് വിവർത്തനം ചെയ്യുന്നു. ഇത് സിനി മയുടെ ആഖ്യാനത്തെയും വൈകാരിക സ്വാധീനത്തെയും പിന്തുണയ്ക്കുന്നുണ്ട് .


ഒരു സിനിമ സൃഷ്ടിക്കുന്നതിൽ കലാപരവും സാങ്കേതികവുമായ വൈദഗ്ധ്യം ആവശ്യമാണ് . എന്നാൽ ഏറ്റവും പ്രധാനം സൗന്ദര്യശാസ്ത്ര ബോധം തന്നെയാണ് . കാരണം മനുഷ്യന്റെ ഉത്തമ ബോധരൂപമാണ് കലാസൃഷ്ടി. രാഷ്ട്രീയ

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
19
KSFDC

വും യൂറോപ്യൻ സിനിമയും ചരിത്രത്തിലുട നീളം ആഴത്തിൽ ഇഴചേർന്നിരിക്കുന്നു. ‘നിയോ റിയലിസം ‘ എന്ന വീക്ഷണം രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ‘റോം, ഓപ്പൺ സിറ്റി‘ (1945), ‘ബൈസിക്കിൾ തീവ്സ്‘ (1948) തുടങ്ങിയ ഇറ്റാലിയൻ സിനിമകൾ തൊ ഴിലില്ലായ്മ , യുദ്ധ ക്കെടുതികൾ ദാരിദ്ര്യം, സാമൂഹിക നീതി എന്നിവയെ അഭിസംബോധന ചെയ്തു. അറുപതുകളിലെ ‘ ഫ്രഞ്ച് നവ തരംഗം ‘ ( ഴാൻ ലൂക് ഗൊദാർദ് , ഫ്രാൻസ്വ ത്രൂഫൊ , ഷാബ്രോ ൾ തുടങ്ങിയവരുടെ സിനിമകൾ ), വിപ്ലവകരമായ ആശയങ്ങളും രീതികളും ആവി ഷ്കരിച്ചു .




‘ സിനിമ നോവോ‘ ( ഉദാഹരണം - ഗ്ലോബർ റോഷയുടെ ‘ ബ്ലാക് ഗോഡ് ആൻഡ് വൈറ്റ് ഡെവിൾ‘ - 1964) തുടങ്ങിയ പ്രസ്ഥാനങ്ങൾ പരമ്പരാഗത ആഖ്യാന ഘടനകളെയും ബൂർഷ്വാ മൂല്യങ്ങളെയും വെല്ലുവിളിച്ചു.




‘സോഷ്യൽ റിയലിസം ‘ എന്ന കാഴ്ചപ്പാട് ഹംഗറി , പോള് , ചെക്കോസ്ലോവാക്യ , യുഗോസ്ലാവിയ തുടങ്ങിയ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സിനിമകളിൽ രാഷ്ട്രീയ അധിനി വേശം , ദേശീയ സ്വാതന്ത്ര്യം തുടങ്ങിയവയെ കലാപരമായി അവതരിപ്പിച്ചു . പലപ്പോഴും റഷ്യൻ സൈനീക കമ്മ്യൂണിസ്റ്റ് ഭരണകൂട ഇടപെടലുകളെ പ്രതിരോധിക്കുമ്പോൾ സെൻസർഷിപ്പ് വിദഗ്ദമായി മറികടന്നു .


‘ഓഥർ സിനിമ‘ എന്ന ധാരയിൽ ആൽഫ്രഡ് ഹിച്ച്കോക്ക്, അകിര കുറോസാവ, ഇംഗ്മർ ബെർഗ്മാൻ തുടങ്ങിയ സംവിധായകർ വ്യക്തി പരമായ ദർശനങ്ങളും രാഷ്ട്രീയ - ദാർശന ിക സമസ്യകളും അന്വേഷിച്ചു. ബ്രസീലിയൻ

ലാറ്റിൻ അമേരിക്കയിലെ ‘മൂന്നാം ലോക സിനിമ‘ എന്ന പ്രസ്ഥാനം ഫെർണാണ്ടോ സോളാനസ്, ഒക്ടാവിയോ ഗെറ്റിനോ തുടങ്ങിയ ചലച്ചിത്ര പ്രവർത്തകരുടെ നേതൃത്വത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കുന്ന വിപ്ലവകരവും സാമ്രാജ്യത്വ വിരുദ്ധവുമായ സിനിമ സൃഷ്ടിക്കാൻ ശ്രമിച്ചു. സമകാലീന യൂറോപ്യൻ സിനിമകൾ കുടി യേറ്റം, അതിർത്തികൾ, ഐഡന്റിറ്റി എന്നിവ അപഗ്രഥിക്കുന്നു . ഭൂഖണ്ഡത്തിന്റെ സങ്കീർണ്ണമായ ചരിത്രം, സാമൂഹിക മാറ്റങ്ങൾ, സാംസ്കാരിക വൈവിധ്യം എന്നിവ പ്രതിഫലിപ്പിക്കുന്ന രാഷ്ട്രീയ വിഷയങ്ങളുമായി യൂറോപ്യൻ സിനിമ ശക്തമായി നിലയുറപ്പിച്ചു .ഇരുപതാം നൂറ്റാണ്ടിലെ രാഷ്ട്രീയ പരിസ്ഥിതി യും സൌന്ദര്യശാസ്ത്രവും ലോക ക്ലാസിക്കൽ സിനിമയും സങ്കീർണ്ണമായ രീതികളിൽ ഒന്നു ചേർന്ന് പ്രത്യയശാസ്ത്രങ്ങളെയും സാംസ്കാരിക മൂല്യങ്ങളെയും പ്രതിഫലിപ്പിച്ചു . ചലച്ചിത്ര നിർമ്മാതാക്കൾ പലപ്പോഴും സെൻസർഷിപ്പും രാഷ്ട്രീയ അടിച്ചമർത്തലും അനുഭവിച്ചുകൊണ്ട്, തങ്ങളുടെ ദേശത്തിന്റെ

രാഷ്ട്രീയ നേർക്കാഴ്ചകൾ ആവിഷ്കരിക്കാൻ ഉപമയോ രൂപകമോ സൂക്ഷ്മമായ വിമർശന ബിംബങ്ങളോ ഉപയോഗിച്ചു . ആഗോള വൽക്കരണ - സങ്കരവൽക്കരണ സ്വാധീനങ്ങൾ വർദ്ധിച്ചതോടെ ചലച്ചിത്ര പ്രവർത്തകർ ആധുനിക രാഷ്ട്രീയ സങ്കീർണതകളെ പ്രതി ഫലിപ്പിക്കുന്ന വൈവിധ്യമാർന്ന ശൈലികളും പ്രമേയങ്ങളും സൃഷ്ടികളിൽ പരീക്ഷിച്ചു . ഇരുപതാം നൂറ്റാിലെ ലോക ക്ലാസിക്കൽ സിനിമ ആ കാലഘട്ടത്തിലെ പ്രക്ഷുബ്ധമായ ഭൂപ്രകൃതിയെ പ്രതിഫലി പ്പിക്കുകയും രൂപ പ്പെടുത്തുകയും ചെയ്യുന്ന രാഷ്ട്രീയ സൗന്ദര്യ ശാസ്ത്രത്തിൽ എങ്ങനെ ഏർപ്പെട്ടിരിക്കുന്നു വെന്ന് ഈ ചലച്ചിത്ര സംഭവവികാസങ്ങൾ തെളിയിക്കുന്നു.

കാലഘട്ടത്തിന്റെ പ്രക്ഷുബ്ധമായ സാമൂഹിക കാലാവസ്ഥയെയും ഭൂപ്രകൃതിയെയും പ്രതിഫലിപ്പിക്കുന്നതാണ് പ്രത്യയശാസ്ത്രവും സൗന്ദര്യശാസ്ത്രവും തമ്മിലുള്ള പരിണയവും പരിണാമവും .





# പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠം ചലച്ചിത്ര അധ്യായങ്ങൾ



സാബു ശങ്കർ
(ജനറൽ സെക്രട്ടറി , ഫിൽക്ക)

പ്രത്യയശാസ്ത്രം എന്ന സാമൂഹിക - രാഷ്ട്രീയ തത്വശാസ്ത്രവും കലയുടെ ലാവണ്യബോധ വിജ്ഞാനീയവും പരസ്പരം പൂരകമാണ്. മനു ഷ്യചേതനയുടെ ഉത്കൃഷ്ട തലത്തിലുള്ള കലയും ശാസ്ത്രവും തത്വചിന്തയുമൊക്കെ മനുഷ്യരാശിയുടെ ചരിത്രത്തിൽ നിർണ്ണായകവും സുപ്രധാനവുമായ പങ്ക് വഹിക്കുന്നു

കാലത്തിനും സാമൂഹികപ്രകൃതിക്കും അഭിമുഖമായി രൂപാന്തരപ്പെടുന്ന കലയുടെ ചരിത്രവും പരിണാമചിത്രവും അടയാളപ്പെടുത്തുന്ന സൃഷ്ടികൾ വെളിപാടുകളാണ് .ലോകചരിത്രം രാജവാഴ്ചയുടെയും ഫ്യൂഡൽ വ്യവസ്ഥിതിയുടെയും കൊളോണിയൽ സാമ്രാജ്യത്വത്തിന്റെയും ഘട്ടത്തിൽ നിന്നും ആധുനിക ഘട്ടത്തിലേക്ക് പ്രവേശിച്ച 20-)ം നൂറ്റാണ്ട് ഒട്ടേറെ ഘടനാ മാറ്റങ്ങൾക്ക് സാക്ഷിയായി .

ജനാധിപത്യം , ദേശീയത , സാംസ്കാരിക തനിമ ,സ്വാതന്ത്ര്യം , മനുഷ്യാവകാശം, സമത്വ സങ്കല്പം , മാനവികത , സാമൂഹിക നവമൂല്യങ്ങൾ തുടങ്ങിയ തിരിച്ചറിവുകൾ ജനകീയ പ്രസ്ഥാനങ്ങൾക്കും രൂപം നൽകി . രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മുന്നോടിയായി കലയും



സാഹിത്യവും ദൃശ്യകലയും ഒക്കെ ബോധനവീകരണത്തിന്റെ സൗന്ദര്യ ചാലകശക്തികളായി . സമൂഹത്തിന്റെ ഉദാത്ത ബോധരൂപമാണ് യഥാർത്ഥ കലാസൃഷ്ടികൾ . അവ വൈവിധ്യവും സങ്കീർണ്ണതയും വൈരുധ്യവും വികാസനിയമങ്ങളും പ്രതിഫലിക്കുന്ന സൗന്ദര്യാത്മക - ബൗദ്ധിക രൂപങ്ങൾ കൂടിയായി .

ക്ലാസിക്കുകൾ എന്ന വിശേഷണത്തോടെ 20)ം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഓരോ ദശാബ്ദത്തിലും അത്യുജ്വല സംഭവ വികാസങ്ങളാണ് തിരിഞ്ഞു നോക്കുമ്പോൾ നാം കാണുന്നത് .സാമൂഹിക ഘടനാ മാറ്റങ്ങൾക്കൊപ്പം പ്രസ്ഥാനങ്ങളും വിമോചന സമരങ്ങളും കലാപ ങ്ങളും വിപ്ലവങ്ങളും യുദ്ധങ്ങളും ആധുനിക മനുഷ്യലോകം കണ്ടു .

അതിൽ പ്രത്യയശാസ്ത്രവും സൗന്ദര്യ ശാസ്ത്രവും ഒന്നുചേർന്നുായ ലാവണ്യ വിസ്ഫോടനങ്ങളുടെ പരമ്പരയിൽ അഞ്ചു വ്യത്യസ്ത ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന അഞ്ചു സിനിമകളാണ് ഈ ലേഖനത്തിലുള്ളത് . റോസാ ലക്സംബർഗ് ( ജർമ്മനി / 1986/ സംവിധാനം : മാർഗ്രെറ്റ വോൺ ട്രോറ്റ ), മുഖാമുഖം (ഇന്ത്യ / 1984 / സംവിധാനം : അടൂർ ഗോപാലകൃഷ്ണൻ ) , മെമ്മറീസ് ഓഫ് അർഡവലപ്മെന്റ് ( ക്യൂബ / 1968 /സംവിധാനം: തോമസ് ഗതിരെസ് ഏലിയാ ) , ആഷസ് ആൻഡ് ഡയമൻഡ്സ് ( പോള് / 1958 / സംവിധാനം : ആന്ദ്രേ വൈദ ) , ഇലക്ട്ര മൈ ലവ് ( ഹംഗറി / 1974 / സംവിധാനം : മിക്ളോസ് യാങ്ചോ ) എന്നിവയാണ് പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്ര അധ്യായങ്ങൾ .

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



## റോസാ ലക്സംബർഗ് .

പോളിൽ ജനിച്ച റൊസാലിയ ലക്സംബർഗ് (1871 1919 ) സ്വിറ്റ്സർലാൻഡിലെ പഠനകാലത്താണ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേരുന്നത് . 1898 – ൽ ബർലിനിൽ എത്തുന്ന റോസാ സോഷ്യലിസ്റ്റ് ഡെമോക്രറ്റിക് പാർട്ടിയിൽ പ്രവർത്തിച്ചു . സോഷ്യൽ ഡെമോക്രറ്റിക് പാർട്ടിയുടെ ബെർലിനിലെ വിദ്യാകേന്ദ്രത്തിൽ മാർക്സിസവും സാമ്പത്തിക ശാസ്ത്രവും പഠിപ്പിച്ചു . 1913 – ൽ റോസാ , കാറൽ മാർക്സിന്റെ ' ക്യാപിറ്റൽ' വിശകലനം ചെയ്തുകൊണ്ട് രചിച്ച കൃതിയാണ് ' മൂലധനത്തിന്റെ അതിസമ്പാദനം '. യുദ്ധ വിരുദ്ധ നിലപാടിൽ 1917–ൽ ' ആന്റി വാർ സ്പാർട്ടക്കസ് ലീഗ് ' എന്ന സംഘടനയ്ക്ക് രൂപം നൽകി . ഈ സംഘടന പിന്നീട്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ജർമ്മനി ആയി .



സോഷ്യൽ ഡെമോക്രസിയുടെയും തൊഴിലാളി വർഗ്ഗ ശക്തിയുടെയും മറവിൽ അധികാരത്തിലേറിയ വൈമാർ റിപ്പബ്ലിക്കൻ ഗവൺമെന്റിന് എതിരായി സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്തു .സോഷ്യൽ ഡെമോക്രസിയുടെ ആന്തരികസത്ത പാർട്ടിയിലും വ്യവസ്ഥിതിയിലും പുതിയ വികാസങ്ങൾക്ക് രൂപം നൽകുമെന്ന് വാദിച്ചു . മാനവിക കാഴ്ചപ്പാടിൽ അയൽ രാജ്യങ്ങളിലെ തൊഴിൽശക്തികൾ തമ്മിലുള്ള യുദ്ധം ഒഴിവാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു .



യഥാർത്ഥ അധ്വാനശക്തിയിൽ നിന്ന് വഴിമാറുന്ന ഔദ്യോഗിക പാർട്ടിരാഷ്ട്രീയം സോഷ്യൽ മുതലാളിത്തവും ക്രമേണ സോഷ്യൽ സാമ്രാജ്യത്വവുമായി മാറുമെന്ന് സിദ്ധാന്തിച്ചു . വിപ്ലവമില്ലാതെ സോഷ്യൽ ഡെമോക്രസി നിലനിൽക്കില്ല എന്ന് ചൂിക്കാട്ടി .പ്രതിരോധത്തിൽ നൂറുകണക്കിന് പേർ രക്തസാക്ഷികളായി . വിപ്ലവം അടിച്ചമർത്തിയതോടെ വൈമാർ ഗവൺമെന്റ് സൈന്യം അറസ്റ്റു ചെയ്തു കൊണ്ടുപോയി വെടിവെച്ചു വധിച്ചു . ബെർലിനിലെ ലാൻഡ്വെയർ കനാലിൽ മൃതശരീരം വലിച്ചെറിഞ്ഞു .വൈമാർ റിപ്പബ്ലിക്കൻ ഗവൺമെന്റിനെതിരെയുള്ള പ്രക്ഷോഭവും രക്തസാക്ഷിത്വവുമാണ് ഈ സിനിമയുടെ പ്രമേയം .

ഈ ചിത്രം സംവിധാനം ചെയ്ത മാർഗ്രെറ്റ വോൺ ട്രോറ്റ, നവ ജർമ്മൻ സിനിമാ പ്രസ്ഥാനത്തിന്റെ വക്താവാണ് . ' ദി സെക്കന്റ് അവേക്കനിങ്ങ് ഓഫ് ക്രിസ്റ്റ ക്ളേജസ് ' ആണ് ആദ്യ ചിത്രം . സ്ത്രീകളെ സംബന്ധിച്ച വിഷയങ്ങൾ ആസ്പദമാക്കിയായിരുന്നു പിന്നീടുള്ള സിനിമകൾ . സ്ത്രീയുടെ ബന്ധങ്ങൾ, ജോലിസ്ഥലത്തെ പ്രശ്നങ്ങൾ, ഇണയുമായുള്ള വൈരുധ്യങ്ങൾ, ഗർഭഛിദ്രം, ഗർഭനിരോധനം , അക്രമം തുടങ്ങിയ അവസ്ഥകൾ സിനിമകളിൽ അവതരിപ്പിച്ചു . ലോകസിനി മയിലെ പ്രമുഖ ഫെമിനിസ്റ്റ് ഫിലിം മേക്കർ എന്നും മാർഗ്രെറ്റ അറിയപ്പെടുന്നു . ഭർത്താവ് വിശ്വപ്രസിദ്ധ ചലച്ചിത്രകാരനായ വോൾക്കാർ ഷ്ലോൺഡ്രോഫ് ഒന്നിച്ചായിരുന്നു ആദ്യകാല ചലച്ചിത്ര പ്രവർത്തനം .

## മുഖാമുഖം

ആധുനിക കേരളീയ ചരിത്രത്തിൽ 1950 കള ിലെ ഇടതുപക്ഷ പുരോഗമന രാഷ്ട്രീയ പ്ര സ്ഥാനത്തിന്റെ പ്രചാരകനും നേതാവുമാണ് മുഖാമുഖം എന്ന സിനിമയിലെ കേന്ദ്ര കഥാ പാത്രം .



കളിമണ്ണ് കൊണ്ടുവന്ന് മേച്ചിലോട് നിർമ്മിക്കുന്ന ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളി കളുടെ ന്യായമായ ജീവിത അവകാശങ്ങൾക്ക് വേി അയാൾ തൊഴിലാളികളെ സംഘടിപ്പി ക്കുകയും സമരം നയിക്കുകയും ചെയ്യുന്നു . പോലീസ് പീഡനങ്ങൾ ഏറ്റുവാങ്ങുന്നു . അയാൾക്ക് ആശ്രയം കൊടുത്ത കുടുംബ ത്തിലെ യുവതിയെ ഭാര്യയാക്കുന്നു .ഒരു ദിവസം ഫാക്ടറി ഉടമ കൊല്ലപ്പെടുന്നു . സ്വാഭാവികമായും സമര നായകനും സംശയി ക്കപ്പെടുന്നു . ആ കൊലപാതകത്തിന് പിന്നിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവാണെന്ന് പോലീസ് ഊഹിക്കുമ്പോൾ പലരും ഒളിവിലായി . കഥാനായകനും ഒളിവിൽ പോയി .

കാലങ്ങൾ കടന്നുപോയി . പാർട്ടിയിൽ പ്രത്യയ ശാസ്ത്ര വൈരുധ്യങ്ങൾ മൂർച്ഛിച്ചു . അത് ആശയ സംഘർഷത്തിലെത്തുമ്പോൾ പാർട്ടി പിളർന്നു . റഷ്യൻ ചായ്‌വിൽ മാതൃ സംഘടനയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയും ചൈനീസ് ചായ്‌വിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ - മാർക്സിസ്റ്റ് എന്ന പേരിൽ പുതിയ പാർട്ടിയും നിലകൊണ്ടു . പഴയ പാർട്ടി പ്രവർത്തകരിൽ പലരും പുതിയ നേതാക്കളായി . അവർക്ക് ധനമോഹവും സ്വത്തു സമ്പാദനവും ലക്ഷ്യമായി . ഒളിവിൽ പോയ നേതാവ് മരണപ്പെട്ടുവെന്നു കണക്കാക്കി സ്മാരകം പണിതു . യഥാർത്ഥ പ്രത്യയ ശാസ്ത്ര നിലപാടിൽ ഉറച്ചുനിന്നവരുടെ എണ്ണം കുറവായിരുന്നു. എണ്ണത്തിൽ കൂടുതൽ പേരും സമത്വ സുന്ദരലോക ആദർശത്തിൽ നിന്നും പിൻവാങ്ങി സ്വകീയ സുന്ദരലോക സങ്കൽപ്പത്തിലേക്ക് വളർന്നു . ഉൽപ്പാദന ശക്തികൾ ജീർണ്ണിക്കുവാൻ തുടങ്ങുന്നതിന്റെ സൂചനകൾ കാണാം .

ഒരുനാൾ കേന്ദ്രകഥാപാത്രം നാട്ടിൽ തിരിച്ചെ ത്തുന്നു . അയാൾ രോഗിയായി മാറി ക്കഴി ഞ്ഞിരുന്നു. പുതിയ നേതൃത്വത്തിലെ കാഴ്ചപ്പാടിലെ വ്യതിയാനങ്ങളും പിളർപ്പും അയാളെ ആകെ ഉലച്ചു . ആത്മാവ് രണ്ടായി പകുത്ത് വെച്ച മൂകവേദനയിൽ അയാൾ നിശബ്ദനായി . ഇരുപക്ഷവും അയാളെ തങ്ങളു ടെ പാർട്ടിയിലേക്ക് കൊണ്ടു വരാൻ ശ്രമിക്കുന്നു വെങ്കിലും അയാൾക്ക് ഒരിടത്തേക്കും പോകാൻ കഴിയുന്നില്ല . സങ്കീർണ്ണമായ ചിന്താകുഴപ്പ ത്തിലും നിരാശയിലും അയാൾ മുങ്ങി. മദ്യ പാനത്തിൽ സാന്ത്വനം തേടി .






ആദ്യകാലത്ത് നേതാവിനെ ആരാധിച്ചിരുന്നവർ പിന്നീട് തള്ളിപ്പറയാനും തുടങ്ങി . പഴയ നേതാവാകട്ടെ തന്റെ നിലപാട് വിശദീകരിക്കാനും തയ്യാറാവുന്നില്ല .അയാൾ അസുഖ ബാധിതനായി മരണമടയുമ്പോൾ മൃതശരീരത്തിന് വേണ്ടി ഇരുപക്ഷവും വാദിക്കുന്നു .ശവഘോഷയാത്ര ആൾക്കൂട്ടത്തിന്റെ ഉത്സവമായി കൊണ്ടാടപ്പെടുന്നു. പ്രത്യയശാസ്ത്രത്തിന്റെ അന്ത:സത്ത ചോർന്നുപോകുന്ന രാഷ്ട്രീയത്തിന്റെ ഭാവി ദുരന്തത്തിലേക്കാണ് ഈ സിനിമ വിരൽ ചൂണ്ടുന്നത് . വിദേശ ചലച്ചിത്ര മേളകളിൽ ശ്രദ്ധ നേടിയ ഈ സിനിമ ഏറ്റവും പ്രശംസിക്കപ്പെട്ടത് റഷ്യയിലാണ്. മോസ്കോ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിക്കപ്പെട്ട ഈ ചിത്രത്തെ മികച്ച കമ്മ്യൂണിസ്റ്റ് പഠന സിനിമ എന്നാണ് റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി വിലയിരുത്തിയത് .

പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സംവിധാനവും ചലച്ചിത്ര കലയും പരിശീലിച്ച അടൂർ ഗോപാലകൃഷ്ണൻ 1965 ൽ കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു .1972 ലെ 'സ്വയംവരം ' എന്ന ആദ്യചിത്രം രാജ്യാന്തര പ്രശസ്തി നേടുകയും മലയാളത്തിൽ നവതരംഗ സിനിമയ്ക്ക് വഴിയൊരുക്കുകയും ചെയ്തു . ദേശീയ - അന്തർദേശീയ ബഹുമതികൾ നേടിയ അടൂർ ഗോപാലകൃഷ്ണൻ തന്റെ അഞ്ചു പതിറ്റാണ്ടിലേറെ നീ ചലച്ചിത്ര ജീവിതത്തിൽ 12 ഫീച്ചർ സിനിമകളും ഒട്ടേറെ ഡോക്യുമെന്ററികളും സംവിധാനം ചെയ്തിട്ടുണ്ട് . പദ്മശ്രീ, പദ്മ വിഭൂഷൺ ബഹുമതി നൽകി അദ്ദേഹത്തെ രാഷ്ട്രം ആദരിച്ചിട്ടുണ്ട്.

## മെമ്മറീസ് ഓഫ് അണ്ടർ ഡെവലപ്മെന്റ്

നവ കൊളോണിയലിസത്തിന്റെയും സാംസ്കാരിക സ്വത്വത്തിന്റെയും ദേശീയ സ്വാതന്ത്ര്യത്തിന്റെയും പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന മൂന്നാം ലോക സിനിമയിൽ വിമോചനത്തിന്റെ സൗന്ദര്യ കല്പനയാണുള്ളത് . വിശ്വ ചലച്ചിത്ര വേദിയിലെ നിത്യവിസ്മയങ്ങളാണ് ക്യൂബൻ സിനിമകൾ . 1960 -കളിലും 1970 -കളിലും ശ്രദ്ധേയമായ നവ ലാറ്റിനമേരിക്കൻ സിനിമാ പ്രസ്ഥാനത്തിന്റെ പ്രതിനിധാനം കൂടിയാണ് ക്യൂബൻ ചലച്ചിത്ര സംവിധായകൻ തോമസ് ഗതിരെസ് ഏലിയാ .

'ബേ ഓഫ് പിഗ്സ് ഇൻവേഷ' ന്റെയും ക്യൂബൻ മിസൈൽ - സബ് മറൈൻ ക്രൈസിസിന്റെയും കാലഘട്ടത്തിൽ , അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ ശീതയുദ്ധം നടക്കുമ്പോൾ , ക്യൂബയിൽ നടന്നുകൊിരുന്ന സാമൂഹിക മാറ്റങ്ങളും ചാഞ്ചാടുന്ന നിലപാടുകളും അനാവരണം ചെയ്യുന്ന സിനിമയാണ് ' മെമ്മറീസ് ഓഫ് അർ ഡെവലപ്മെന്റ് ' . ജോൺ .എഫ് .കെന്നഡി അമേരിക്കൻ പ്രസിഡന്റായി മൂന്നു മാസം കഴിഞ്ഞപ്പോഴാണ് ഫിദൽ കാസ്ട്രോ ഗവണ്മെന്റിനെ





അട്ടിമറിക്കാൻ ' ബേ ഓഫ് പിഗ്സ് ഇൻവേഷൻ ' അരങ്ങേറുന്നത് . 1961 ഏപ്രിലിൽ ആരംഭിച്ച ഈ ആക്രമണത്തെ കിഴക്കൻ യൂറോപ്പിൽ പരിശീലനം നേടിയ ക്യൂബൻ വിപ്ലവകാരികൾ പരാജയപ്പെടുത്തി . ക്യൂബൻ വിപ്ലവ ഗവണ്മെന്റിനെ പിഴുതെറിയാൻ അമേരിക്ക തുനിഞ്ഞപ്പോൾ ക്യൂബയെ സംരക്ഷിക്കുവാൻ സോവിയറ്റ് യൂണിയൻ ക്യൂബയിൽ മൈസൈൽ താവളമൊരുക്കി . അമേരിക്കയാവട്ടെ മോസ്കോ ലക്ഷ്യമാക്കി ബ്രിട്ടനിലും ഇറ്റലിയിലും തുർക്കിയിലും തങ്ങളുടെ മിസൈൽ താവളം വിന്യസിച്ചു. പരസ്പരം നശിക്കുന്നതോടൊപ്പം ലോകവും നശിപ്പിക്കപ്പെടുന്ന ന്യൂക്ലിയർ മഹായുദ്ധ ഭീഷണിയിൽ ലോകം വിറങ്ങലിച്ചു നിന്ന ദിവസങ്ങൾ ...ക്രൂഷ് ചേവിന്റെ നിലപാടുകളും ക്യൂബയിൽ നിന്ന് ആയുധങ്ങൾ നീക്കണമെന്ന കെന്നഡിയുടെ ഭീഷണിയും മൂലം ന്യൂക്ലിയർ യുദ്ധത്തിലേക്ക് നീങ്ങിയേക്കാവുന്ന കാലമാണ് ഈ സിനിമയുടെ പശ്ചാത്തലം .

ബൂർഷ്വാ ബുദ്ധിജീവിയായ സെർജിയോയുടെ ഭാര്യയും സുഹൃത്തുക്കളും അമേരിക്കയിലേക്ക് മറ്റുള്ളവർക്കൊപ്പം പലായനം ചെയ്യുന്നു. എന്നാൽ എലീന,ഹന്നാ എന്നീ പേന സുഹൃത്തുക്കൾ സെർജിയോയുടെ കൂടെയുണ്ട് . ക്യൂബയിലെ ജനങ്ങൾക്കിടയിലും രാഷ്ട്രീയ അന്തരീക്ഷത്തിലും സംഭവിക്കുന്ന മുന്നേറ്റങ്ങളും മാറ്റങ്ങളും കുഴപ്പങ്ങളും സങ്കീർണ്ണതകളുമാണ് ക്യൂബയുടെ അവികസിത പശ്ചാത്തലത്തിൽ തോമസ് ഗതിരെസ് ഏലിയാ അപഗ്രഥിക്കുന്നത് .

പ്രതിഷേധ രംഗങ്ങളുടെ ദീർഘമായ ഷോട്ടുകളും സ്റ്റിൽ ഫോട്ടോകളും കെന്നഡിയുടെ പ്രസംഗങ്ങളും ന്യൂസ് റീലുകളും ഉപയോഗിച്ചുള്ള കോളാഴ് ശൈലി ഈ ചിത്രത്തിൽ കാണാം . കഥപറച്ചിലിന്റെ ഒന്നൊന്നായുള്ള ആഖ്യാന ശൈലിയ്ക്ക് വിരുദ്ധമായി ഒരു വിഘടിത രൂപമാണ് ഈ ചലച്ചിത്രത്തിനുള്ളത് . ക്യൂബൻ വിപ്ലവത്തിന് ശേഷം അമേരിക്കയിൽ പ്രദർശിപ്പിച്ച ആദ്യത്തെ ക്യൂബൻ സിനിമയാണ് ' മെമ്മറീസ് ഓഫ് അർ ഡെവലപ്മെന്റ് ' .

1984 -ൽ തോമസ് ഏലിയാ തന്റെ നാലു ചിത്രങ്ങളും ( ലാസ്റ്റ് സപ്പർ , ഡെത്ത് ഓഫ് എ ബ്യൂറോക്രറ്റ് ,സർവൈവേഴ്സ് , മെമ്മറീസ് ഓഫ് അർ ഡെവലപ്മെന്റ്) ഡോക്യൂമെന്ററിയുമായി (ടുബാക്കോ) തിരുവനന്തപുരത്ത് വന്നപ്പോൾ ഈ ലേഖകൻ അഭിമുഖ സംഭാഷണം നടത്തിയിരുന്നു . അതിന്റെ ഏതാനും ഭാഗങ്ങൾ



അക്കാലത്ത് ' ദൃശ്യ ക്ഷേത്ര' യിൽ പ്രസിദ്ധീകരിച്ചിരുന്നു . അഭിമുഖത്തിന് വേണ്ടി രാത്രി 9 മുതൽ മസ്കറ്റ് ഹോട്ടലിൽ കാത്തിരുന്ന ഈ ലേഖകന് തോമസ് ഏലിയയെയും നടി മാർത്ത ഇബാർസിനെയും പരിഭാഷകനെയും കാണാൻ കഴിഞ്ഞത് രാത്രി 12 മണിക്കാണ് . അന്നത്തെ അവരുടെ ഡിന്നർ, അടൂർ ഗോപാലകൃഷ്ണന്റെ വീട്ടിൽ ആയിരുന്നുവെന്നും അതാണ് വൈകിയതെന്നും തോമസ് ഏലിയാ പറഞ്ഞു .



ഒരു ഡസനിലേറെ വിശ്വ സിനിമകൾ സംവിധാനം ചെയ്ത തോമസ് ഏലിയാ ' അപ്പ് ടു ഏ പോയിന്റ് ' (1983) ,' ലെറ്റേഴ്സ് ഫ്രം ദി പാർക്ക് ' (1988), ഫാർ എപ്പാർട് (1991 ) , സ്ട്രോബെറി ആൻഡ് ചോക്കലേറ്റ് (1993) ഗ്വാനാമോ (1994) എന്നീ ചിത്രങ്ങൾക്ക് ശേഷം രോഗഗ്രസ്തനായി . ടൈറ്റൻ എന്ന് സുഹൃത്തുക്കൾക്കിടയിൽ വിളിക്കപ്പെട്ടിരുന്ന തോമസ് ഏലിയാ 1996 ഏപ്രിൽ 16 ന് കാലത്തിന്റെ ചലച്ചിത്ര യവനികയിൽ മറഞ്ഞു . ഹവാനയിലെ കൊളോൺ സെമിത്തേരിയിലാണ് അദ്ദേഹം നിത്യവിശ്രമം കൊള്ളുന്നത് .

## ആഷസ് ആൻഡ് ഡയമണ്ട്സ്

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 1945 -ൽ സങ്കീർണ്ണമായൊരു രാഷ്ട്രീയ പരിസ്ഥിതി യിലൂടെ കടന്നുപോകുകയായിരുന്നു പോളണ്ട് . ആസ്ത്രോ - ഹംഗേറിയാൻ സാമ്രാജ്യത്തിലെ ഏറ്റവും സാംസ്കാരിക സമ്പത്തുള്ള ഒരു ദേശമായിരുന്നു പോളണ്ട് . ഇടതുപക്ഷ - വലതുപക്ഷ - ജർമ്മൻ നാസി - പോളിഷ് പൈതൃക വൈരുധ്യങ്ങൾ അവിടെ നില



നിന്നിരുന്നു . മുതലാളിത്ത സാമ്രാജ്യത്വം, സോഷ്യലിസ്റ്റ് സാമ്രാജ്യത്വം എന്നിവയുടെ അധീനതയിൽ യൂറോപ്പിൽ മുന്നണികളുണ്ടായ കാലം .പോളിന്റെ തനതായ പൈത്രൃകം സൂക്ഷിച്ചുകൊണ്ട് സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കിന് വേണ്ടി നിലകൊണ്ട വിപ്ലവ സംഘടനയും അവിടെയുണ്ടായിരുന്നു . ഈ സിനിമ പരോക്ഷമായി കമ്മ്യൂണിസ്റ്റ് പക്ഷത്തേയും എന്നാൽ ഇരു ചേരികളുടെയും അധീശത്വത്തെ നിരാകരിക്കുകയും ചെയ്യുന്നു .



പോളിഷ് സംവിധായകനായ ആന്ദ്രേ വാഴ്ദയുടെ യുദ്ധവിരുദ്ധ ചലച്ചിത്ര ത്രയമാണ് എ ജനറേഷൻ (1954) , കാനൽ (1956), ആഷസ് ആൻഡ് ഡയമസ് (1958) .

1955 -ലെ വാഴ്സോ ഉടമ്പടിയെ തുടർന്ന് കിഴക്കൻ ജർമ്മനി , ഹംഗറി , ബൾഗേറിയ , ചെക്കോസ്ലോവാക്യ , അൽബേനിയ എന്നിവയ്ക്കൊപ്പം പോളും സോവിയറ്റ് യൂണിയന്റെ കീഴിൽ നാറ്റോ വിരുദ്ധ സഖ്യത്തിൽ അംഗമായി . 1959 -ലെ പോളിഷ് വിപ്ലവം വലതുപക്ഷ ചായ്വായി പരാമർശിക്കപ്പെട്ടുവെങ്കിലും സങ്കീർണ്ണ രാഷ്ട്രീയ പശ്ചാത്തലവും പ്രത്യയ ശാസ്ത്രത്തിലെ നൂതന വികാസങ്ങളും സ്വാതന്ത്ര്യ ചിന്തകളും ആ വിപ്ലവത്തിന് പിന്നിലുണ്ടായിരുന്നു

1958-59 ൽ കാൻ ഫിലിം മേളയിൽ പങ്കെടുക്കുന്നതിന് ഈ ചിത്രത്തിന് സോവിയറ്റ് അനുമതി ലഭിച്ചിരുന്നില്ല . എന്നാൽ വെനീസ് ചലച്ചിത്ര

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC





മേളയിൽ ഫിപ്രസി പുരസ്കാരം നേടിക്കൊണ്ട് ആഷസ് ആൻഡ് ഡയമ്സ് ലോകശ്രദ്ധ നേടി .

1955 മെയ് 8 ന് സ്വാതന്ത്ര്യ പോരാട്ട സംഘടനയിലെ മസീക്ക് , ആന്ദ്രേ , ഡ്രിവനോവ്സ്കി എന്നിവർ ഒരു ദൗത്യത്തിൽ ഏർപ്പെടുന്നു . റഷ്യൻ സൈന്യത്തിന്റെ പിന്തുണയുള്ള പോളിഷ് വർക്കേഴ്സ് പാർട്ടിയുടെ സെക്രട്ടറി സെസൂക്കയുടെ പോളിഷ് കർഷക ഗ്രാമത്തിലേക്കുള്ള സന്ദർശനത്തിൽ അയാളെ വധിക്കുക എന്നതായിരുന്നു ലക്ഷ്യം. വധശ്രമം പരാജയപ്പെട്ടപ്പോൾ രാമതൊരു ഊഴം കൂടി അവർക്ക് നൽകപ്പെടുന്നു .

പാർട്ടി ഭാരവാഹികൾ സമ്മേളിക്കുന്ന, വിരുന്നു സൽക്കാരം നടക്കുന്ന,ഹോട്ടൽ മോണോപോളിൽ അവരെത്തുന്നു . അവർ ബാറിലിരുന്നു കാസിനോ മലകളിലെ ചുവപ്പ് പോപ്പി പൂക്കൾ എന്ന ഗാനം കേൾക്കുമ്പോൾ, 1944 മെയ് മാസം നാസികളിൽ നിന്ന് കാസിനോ മലകൾ തിരിച്ചുപിടിച്ച പോളിഷ് ജനകീയ സേനയിലെ രക്തസാക്ഷികളായ സുഹൃത്തുക്കളെ അവർ ഓർക്കുന്നു .ബാറിൽ വെച്ച് പരിചയപ്പെട്ട ക്രിസ്റ്റീനയും മസീക്കും ഇഷ്ടത്തിലായി . ഒരു മുറിയിൽ സംഗമിക്കുന്ന അവർ ഭാവിയെ കുറിച്ച് ചിന്തിക്കുന്നു. ക്രിസ്റ്റീന ഏകയാണ്. എന്നാൽ ഒരു കുടുംബജീവിതത്തിനു തയ്യാറെടുപ്പുകൾ ഒന്നുമില്ല . മസീക്കിനാവട്ടെ പുലരും മുൻപേ ദൗത്യം പൂർത്തിയാക്കി നഗരം വിടുകയും വേണം ...

ഹോട്ടലിലേക്ക് തിരിച്ചെത്തിയ മസീക്കിനെ ആന്ദ്രേ ചോദ്യം ചെയ്യുന്നു. മാതൃരാജ്യത്തിനു വേണ്ടിയുള്ള ദേശഭക്തിയും പോരാട്ടവുമാണ് മുഖ്യം . വ്യക്തിഗത സ്വപ്നങ്ങൾ രണ്ടാമതാണ് . ഹോട്ടലിൽ എത്തുന്ന പാർട്ടി സെക്രട്ടറി സെസൂക്ക യുടെ മകൻ മറ്റൊരു തീവ്രവാദ രാഷ്ട്രീയ സംഘടനയിലാണ് . ഭാര്യയ്ക്കാവട്ടെ അയാളോട് യാതൊരു താൽപ്പര്യവുമില്ല . എങ്കിലും മകനെ കാണാനായി സെസൂക്ക പുറപ്പെടുന്നു . മസീക്ക അയാളെ രഹസ്യമായി പിന്തുടരുകയും വെടിവെച്ചു കൊല്ലുകയും ചെയ്യുന്നു . നിശ്ചയിച്ചത് പോലെ മസീക്ക് റെയിൽവേ സ്റ്റേഷനിലേക്ക് രക്ഷപെടുമ്പോൾ സൈന്യത്തിന്റെ വെടിയേറ്റ് മരിച്ചു വീഴുന്നു .

ജർമ്മൻ നാസി അധിനിവേശത്തിൽ നിന്നും സോവിയറ്റ് അധിനിവേശത്തിലേക്കുള്ള പോളിഷ് രാഷ്ട്രീയ മാറ്റങ്ങൾ, പോളിഷ് സ്വാതന്ത്ര്യ സമര സേനാനികളെ ഒളിപ്പോരാളികളാക്കി . രണ്ടു ശക്തികൾക്കിടയിൽ സ്വതന്ത്രമായി നില കൊള്ളാനും തങ്ങളുടേതായ ദേശീയ പൈതൃകം സൂക്ഷിക്കാനുമുള്ള സമ്മർദ്ദം ' ആഷസ് ആൻഡ് ഡയമണ്ട്സ് ' എന്ന ചിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു .

2016 -ൽ അന്തരിച്ച ആന്ദ്രേ വാഴ്ദ യുടെ ചലച്ചിത്ര കൃതികളിൽ പ്രോമിസ്ഡ് ലാൻഡ് , മാൻ ഓഫ് മാർബിൾ,മാൻ ഓഫ് അയൺ , വലേസ , മാൻ ഓഫ് ഹോപ് , ആഫ്റ്റർ ഇമേജ് തുടങ്ങിയ



സിനിമകൾ ലോകപ്രസിദ്ധമാണ് . യുദ്ധത്തിന്റെയും സ്വാതന്ത്ര്യ പോരാട്ടത്തിന്റെയും സന്നിഗ്ധത തുടിക്കുന്ന ദൃശ്യങ്ങൾ സിനിമാഭാഷയുടെ അപൂർവ്വ ചാരുത ഉൾക്കൊള്ളുന്നവയാണ് .

## ഇലക്ട്ര മൈ ലവ്

ഹോമറിന്റെ ഗ്രീക്ക് ഇതിഹാസ കഥാപാത്രമായ ഇലക്ട്രയെ യൂറിപിഡസ് നാടകമാക്കിയത് സാഹിത്യമറിയാവുന്നവർക്ക് സുപരിചിതമാണ് . നാടകാന്തരീക്ഷത്തിലെ ഇലക്ട്രയെ ആസ്പദമാക്കി കടമ , പ്രതികാരം , വിധി എന്നീ ഘടകങ്ങളെ ആധുനിക രാഷ്ട്രീയ പരിസ്ഥിതിയിൽ പുനഃസൃഷ്ടിച്ചു - ലാസല്ലോ ഗ്യുർക്കോ എന്ന ഹംഗേറിയൻ നോവലിസ്റ്റ് . ഈ കൃതിയെ അവലംബമാക്കിയുള്ള ചലച്ചിത്രാവിഷ്കാരമാണ് , വിശ്വ സിനിമയിലെ ഹംഗേറിയൻ സംവിധായകൻ മിക്ലോസ് യങ്ക്സോ . ഇലക്ട്രയുടെയും സഹോദരൻ ഓറസ്തസിന്റെയും ബാല്യത്തിൽ പിതാവും രാജാവുമായ അഗമനോണിനെ വധിച്ച് ഭാര്യയും



ബന്ധു - കാമുകനും ചേർന്ന് അധികാരം പിടിച്ചെടുക്കുന്നു . 15 വർഷത്തിന് ശേഷം യുവതിയായ ഇലക്ട്ര തന്റെ പിതാവിനെ വധിച്ചവരോടുള്ള പ്രതികാരം ഒരു കടമ പോലെ നിർവഹിക്കാൻ തയ്യാറെടുക്കുന്നു . ബാല്യത്തിൽ നാടുകടത്തപ്പെട്ട ഓറസ്തസ് സുഹൃത്ത് പിലാഡിയോടൊപ്പം പ്രച്ഛന്നരായി അവിടെയെത്തുന്നു . രാജാവും മാതാവിന്റെ



കാമുകനുമായ അഗസ്തിസ്തോസ് സഹോദരനെ വധിച്ചതായി ഇലക്ട്ര അറിയുന്നു . അധികാര പ്രമത്തതയിൽ അഗസ്തിസ്തോസ് വിജയോന്മത്തനാണ് . ഇലക്ട്ര തന്റെ നിയോഗം ഒരു വിധി പോലെ നിർവഹിക്കാനുള്ള നീക്കം ആരംഭിച്ചു . പ്രത്യയ ശാസ്ത്രവും സൗന്ദര്യ ശാസ്ത്രവും സാധർമ്മ്യത്തോടെ സംഗമിക്കുന്ന സിനിമ , അപൂർവ്വ അനുഭവം സൃഷ്ടിക്കുന്നു .

രാഷ്ട്രീയ അധികാരത്തിനു വേണ്ടിയുള്ള ഹിംസയാണ് ഈ ചിത്രത്തിലെ പ്രതിപാദ്യ വിഷയം . സാധാരണ രീതിയിൽ നിരവധി ഷോട്ടുകൾ കൊണ്ട് എഡിറ്റിങ്ങ് നടത്തി ശിൽപ്പഭദ്രമാക്കുന്ന ഒരു സിനിമയല്ലിത് . അത്തരത്തിൽ എഡിറ്റിങ്ങ് ഈ സിനിമയിലില്ല . കാരണം ദീർഘമായ 12 ഷോട്ടുകളാണ് ഈ സിനിമ . ഓരോ ദൃശ്യത്തിലും പ്രതീകാത്മക കഥാപാത്രങ്ങളും വസ്തുക്കളും മൃഗങ്ങളും സംഭവങ്ങളും . ഹംഗേറിയൻ പരമ്പരാഗത ബാലറ്റ് നൃത്തശൈലിയും നാടോടി സംഗീതവും വേഷവും ഒക്കെ ദൃശ്യത്തിലുണ്ട് . ഹിംസയുടെയും കലാപത്തിന്റെയും സർ റിയലിസ്റ്റിക് കാഴ്ച . നിർലോഭമായ നഗ്നത . രക്തക്കുളത്തിലെ നഗ്നസുന്ദരിമാർ . മെഴുകുതിരികൾ എരിയുന്ന കുന്നുകൾ . ഓടിനടക്കുന്ന കുതിരകൾ. വേഷങ്ങളുടെ വർണ്ണപ്പകിട്ട് .

ഫ്രഞ്ച് ന്യൂ വേവ് ചലച്ചിത്ര സൈദ്ധാന്തികനായ ആന്ദ്രേ ബാസിന്റെ ' മിസ് എൻ സീൻ ' സൗന്ദര്യ ശാസ്ത്ര സങ്കേതത്തെ ഈ സിനിമയിൽ പ്രയോഗിച്ചിരിക്കുന്നു . ദൃശ്യത്തിനു



ള്ളിൽ മറ്റൊരു ദൃശ്യം . അതിനു പിന്നിലും മറ്റൊരു ദൃശ്യം . വിശാലമായ ഫ്രെയിമുകൾ . നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന ക്രയിൻ കാമറ . ഒരു ഷോട്ടിൽ തന്നെ പോളിഫോണിക് സങ്കേതത്തിൽ ഒന്നാം നിര , രണ്ടാം നിര , മൂന്നാം നിര എന്നിങ്ങനെ നാനാർത്ഥങ്ങൾ ധ്വനിക്കുന്ന രൂപിമങ്ങൾ . അസാധാരണമായ അന്തരീക്ഷം . വിശ്വസിനിമയിലെ വേറിട്ടൊരു ദൃശ്യ വ്യാകരണം .

സ്തോഭജനക രംഗ ക്രമീകരണത്തിലൂടെ , സംവിധായകൻ മിക് ലോസ് യാങ്ക്സോ ഫാസിസത്തിനെതിരെയും രാഷ്ട്രീയ ഹിംസയെയും നേരിടുന്നു . വേഷം മാറിയെത്തിയ ഓറസ്തസും സുഹൃത്ത് പിലാഡിയും അധികാരിയായ അഗസ്തിസ് ത്തോസിനെ വധിക്കുന്നു . ഇലക്ട്രയുടെ ധാർമ്മികരോഷവും അനീതിക്കെതിരെയുള്ള , സ്വേച്ഛാധികാരത്തിനെതിരെയുള്ള , രാഷ്ട്രീയ ആയുധമായി മാറുന്നു . വ്യംഗ്യമായി ലോക രാഷ്ട്രീയത്തിൽ കാണപ്പെടുന്ന ഭ്രാന്തമായ അധികാരത്വരയ്ക്ക് വിധിയെഴുതുകയാണിവിടെ .

അഗസ്തിസ്തോസ് വധിക്കപ്പെടുമ്പോൾ ഗ്രീക്ക് ഇതിഹാസത്തിൽ പ്രത്യക്ഷമാവുന്ന ചുവന്ന കഴുകനെ പോലെ, അകലെ നിന്നും പറന്നു വരുന്ന ചുവന്ന ഹെലികോപ്റ്റർ . അതിൽ നിന്നും ഇറങ്ങിവരുന്ന ഇലക്ട്രയും ഓറസ്തസും സതീർത്ഥരോടൊപ്പം ജനകീയ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദ നൃത്തവുമായി ദൃശ്യത്തിൽ നിറയുന്നു ...

റൗണ്ട് അപ് , റെഡ് സാം , ഹംഗേറിയാൻ റാപ്സഡി , ഹോറോസ്കോപ് ഓഫ് ജീസസ് ക്രൈസ്റ്റ് തുടങ്ങി നിരവധി ശ്രദ്ധേയ സിനിമകൾ സൃഷ്ടിച്ച മിക് ലോസ് യാങ്ചോ യുടെ ഭാര്യ മാർത്ത മെസോറസ് വിശ്വ സിനിമയിലെ ഏറ്റവും പ്രമുഖ വനിതാ സംവിധായകയാണ് അവർ തിരുവനന്തപുരം സന്ദർശിച്ചിട്ടുണ്ട് . അവരുടെ ഡയറി സിനിമാ പരമ്പര 1980 കളിൽ ചലച്ചിത്ര ഫിലിം സൊസൈറ്റി പ്രദർശിപ്പിച്ചിട്ടുണ്ട്. മാർത്തയുടെ തന്നെ ' അൺ ബറീഡ് മാൻ ' 1956 ലെ ഹംഗേറിയൻ ജനകീയ വിപ്ലവുമായി ബന്ധപ്പെട്ടതും ജനകീയ പ്രധാനമന്ത്രിയായ ഇമ്രനാഗിയെ സോവ്യറ്റ് സൈന്യം അറസ്റ്റ് ചെയ്ത് തൂക്കിലേറ്റിയതുമായ സംഭവമാണ് . ഈ ചിത്രം ഫിൽക്ക ഫിലിം സൊസൈറ്റി കഴിഞ്ഞ വർഷം പ്രദർശിപ്പിച്ചിരുന്നു . മാർത്ത മെസോറസുമായി ഈ ലേഖകൻ നടത്തിയ അഭിമുഖം മനോരമയുടെ ഞായറാഴ്ച സപ്ലിമെന്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . മിക് ലോസ് യാങ്ചോ യുടെ മകൻ ജൂനിയർ മിക് ലോസ് യാങ്ചോ പ്രഗത്ഭ സിനിമാട്ടോഗ്രാഫറാണ് . മാർത്തയുടെ ചില സിനിമകൾക്ക് മകനാണ് ഫോട്ടോഗ്രാഫി നിർവഹിച്ചിട്ടുള്ളത് .

പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്ര അധ്യായങ്ങൾ 20-)o നൂറ്റാണ്ടിൽ നിന്നുള്ള അനുസ്മരണമാകുന്നു . അവ 21 - )o നൂറ്റാണ്ടിൽ കണ്ടെത്തേണ്ടുന്ന, ആവിഷ്കരിക്കേണ്ടുന്ന സൃഷ്ടികൾക്ക്, പുതിയ ദൃശ്യപാതകൾ തുറക്കട്ടെ !




MARGARETHE VON TROTTA
ROSA LUXEMBURG
മുഖാമുഖം
ASHES + DIAMONDS
A FILM BY ANDRZEJ WAJDA
MEMORIES OF UNDERDEVELOPMENT
FILMTÖRTÉNETI KLASSZIKUSOK
SZERELMEM, ELEKTRA

September Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

31



September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC



# Margretta Von Trotta ..... Honey within a rock



ജസീന്ത മോറിസ്
( ഫിൽക്ക)



Though Margretta Von Trotta stands in the forefront as the leading force of the German Cinema she was a compassionate person with a passion to create new representations of women.Margarethe von Trotta is also referred as the World's leading Feminist filmmaker.


She held the reigns of German filmdom as a film director, screenwriter, and actress. Her dedication and perseverance at work has won awards internationally. Her films are concerned with relationships between and among women (sisters, best friends, etc.), as well as with relationships between women and men, and include political settings. Nevertheless, she rejects the suggestion that she makes "women's films".

She was married to director Volker Schlöndorff. And initially collaborated with him in making films. Although they made a successful team, Von Trotta felt she was seen as secondary to Schlöndorff.Subsequently, she established a solo career for herself and became "Germany's foremost female film director".She has specified clearly that strong women also have moments of weakness hence she never tried to make heroines out of them but instead permitted them to show how they have fought to find their own way, and express themselves. She was very much fascinated by how women overcome obstacles in order to achieve their goals.

Margretta has spoken about how her relationship with her mother gave her a sensitivity for friendships and solidarity between women, a theme that is seen in most of her films.Throughout her years of filmmaking, Margretta has addressed many points of special concern to women: "abortion, contraception, the situation of women at work, spousal abuse, and traditional female role"

In 2001 she was the president of the jury at the 23rd Moscow International Film Festival.She is a professor of film at the European Graduate School in Saas-Fee and remains an important personality of German cinema.Some of her famous films are The Second Awakening of Christa Klages. The Sister Films, Rosa Luxemburg, Sheer Madness, Vision, Hannah Arendt etc.

Margretta was indeed a motivator for female film makers and shall remain so among the pages of International classic films.



September Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society


33

KSFDC

# അടൂർ ഗോപാലകൃഷ്ണൻ : ഇന്ത്യൻ ഫിലിം മാസ്റ്റർ



അർപ്പണ
(വൈസ് പ്രസിഡന്റ്,ഫിൽക്ക)



ഇന്ത്യൻ സിനിമയിലെ പ്രതിഭാശാലിയായ സംവിധായകനാണ് അടൂർ ഗോപാലകൃഷ്ണൻ. അദ്ദേഹം സംവിധാനം ചെയ്ത ചലച്ചിത്രങ്ങൾ എല്ലാം തന്നെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടവയാണ്.

എഴുത്തുകാരൻ , സംവിധായകൻ, തിരക്കഥാകൃത്ത്, എന്ന നിലയിൽ പ്രസിദ്ധി നേടിയ അടൂർ ഗോപാലകൃഷ്ണൻ 1941-ൽ ജൂലൈ 3 ന് പത്തനംതിട്ടയിൽ കഥകളിയെയും മറ്റ് ക്ലാസിക്കൽ പെർഫോമിംഗ് കലകളെയും പരിപോഷിപ്പിക്കുന്ന കുടുംബത്തിൽ മാധവൻ ഉണ്ണിത്താന്റെയും ഗൗരി കുഞ്ഞമ്മയുടെയും മകനായി (മൗട്ടത്തു ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ ) ജനിച്ചു.

എട്ടാം വയസ്സിൽ തന്നെ അമചർ സ്റ്റേജിൽ അഭിനയിച്ചു തുടങ്ങി. വിദ്യാർത്ഥി കാലഘട്ടത്തിൽ നിരവധി സ്റ്റേജ് നാടകങ്ങൾ എഴുതി സംവിധാനം ചെയ്തു. ഗാന്ധി ഗ്രാം റൂറൽ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ബിരുദം നേടിയത്. പൊളിറ്റിക്കൽ സയൻസിലും പബ്ലിക് അഡ്മിനിസ്ട്രേഷനിലും ബിരുദം നേടിയ ശേഷം, അദ്ദേഹം തമിഴ്നാട്ടിലെ ദിണ്ടിഗലിനടുത്ത് സർക്കാർ ഉദ്യോഗസ്ഥനായി ജോലി ചെയ്തു.

1962- ൽ പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ തിരക്കഥാരചനയും സംവിധാനവും പഠിക്കാൻ ജോലി ഉപേക്ഷിച്ചു. അവിടെ നിന്ന് ഇന്ത്യാ ഗവൺമെന്റിന്റെ സ്കോളർഷിപ്പോടെ കോഴ്സ് പൂർത്തിയാക്കി.

സഹപാഠികളും സുഹൃത്തുക്കളും ചേർന്ന് ഗോപാലകൃഷ്ണൻ ചിത്രലേഖ ഫിലിം സൊസൈറ്റിയും ചലച്ചിത്ര സഹകരണ സംഘവും സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റിയാണ് ഈ സംഘടന. സഹകരണ മേഖലയിലെ സിനിമകളുടെ നിർമ്മാണം, വിതരണം, പ്രദർശനം എന്നിവയായിരുന്നു ലക്ഷ്യം.

അടൂർ ഗോപാലകൃഷ്ണന്റെ ആദ്യചിത്രം, ദേശീയ അവാർഡ് നേടിയ സ്വയംവരം (1972) മലയാള ചലച്ചിത്ര ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് . സ്വയംവരം സിനിമയോടെ അടൂർ ഗോപാലകൃഷ്ണൻ മലയാള സിനിമയിൽ പുതിയ തരംഗത്തിന് തുടക്കമിട്ടു. മികച്ച സിനിമയ്ക്കുള്ള ദേശീയ അവാർഡുകൾ ലഭിച്ചെങ്കിലും മികച്ച സിനിമ യ്ക്കുള്ള സംസ്ഥാന അവാർഡിൽ നിന്നും ഒഴിവാക്കപ്പെട്ടു. മെൽബൺ, ലണ്ടൻ, പാരീസ് എന്നിവിടങ്ങളിൽ നടന്ന വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ ഈ ചിത്രം പ്രദർശിപ്പിച്ചു . കൊടിയേറ്റം എന്ന സിനിമയ്ക്കും ദേശീയ - സംസ്ഥാന അവാർഡുകൾ ലഭിച്ചു.


എലിപ്പത്തായം, മുഖാമുഖം, അനന്തരം, മതിലുകൾ, വിധേയൻ, കഥാപുരുഷൻ എന്നീ ചിത്രങ്ങൾ വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേള

കളിൽ നിരൂപകരുടെ സ്വീകാര്യത നേടുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തു.


താൻ തൂക്കിക്കൊന്നയാൾ നിരപരാധിയാണെന്ന് മനസ്സിലാക്കുന്ന ആരാച്ചാരുടെ അനുഭവങ്ങൾ വിവരിക്കുന്ന നിഴൽക്കുത്ത്, തകഴി ശിവ ശങ്കരപ്പിള്ളയുടെ നാല് ചെറുകഥകളുടെ ചലച്ചിത്രാവിഷ്കാരമായ നാലു പെണ്ണുങ്ങൾ , രണ്ടാണും ഒരു പെണ്ണും, പിന്നെയും എന്നി വയാണ് അടൂർ ഗോപാലകൃഷ്ണണന്റെ മറ്റ് ചിത്രങ്ങൾ. മികച്ച ചിത്രത്തിനുള്ള അവാർ ഡുകൾ കൂടാതെ, മികച്ച സംവിധായകൻ, മികച്ച തിരക്കഥ എന്നിവയ്ക്കും അഭിനേ താക്കൾക്കും സാങ്കേതിക വിദഗ്ധർക്കും അവ ാർഡുകൾ ലഭിച്ചിട്ടുണ്ട് . ചിത്രങ്ങൾ കാൻസ്, വെനീസ്, ബെർലിൻ, ടൊറന്റോ , ലണ്ടൻ, റേ ാട്ടർഡാം തുടങ്ങി എല്ലാ പ്രധാന മേളകളിലും ലോകമെമ്പാടും പ്രദർശി പ്പിച്ചിട്ടുണ്ട്. അഞ്ച് പതിറ്റാണ്ടിലേറെ നീണ്ട ചലച്ചിത്ര ജീവിതത്തിൽ 12 ഫീച്ചർ സിനിമ കളും നിരവധി ഡോക ്യുമെന്ററികളും നിർമ്മിച്ചു. അദ്ദേഹത്തിന്റെ സിനിമകൾ കേരളത്തിന്റെ സമൂഹത്തെയും സംസ്കാരത്തെയും ചിത്രീകരിക്കുന്നു . തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കി കൊണ്ടാണ് ചലച്ചിത്ര പ്രവർത്തനങ്ങൾ നിർവഹിച്ചത് . അദ്ദേഹത്തിന്റെ ഭാര്യ സുനന്ദ 2015 ൽ അന്തരിച്ചു. മകൾ അശ്വതി ഡോർജെ ഐ . പി.എസ് ഓഫീസറാണ് (അസം കേഡർ , 2000 ബാച്ച്). 2010 ജൂൺ മുതൽ മുംബൈയിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണറായി പ്രവർത്തിക്കുന്നു .

സത്യജിത്ത് റേയ്ക്കും മൃണാൾ സെന്നിനും ഒപ്പം ലോകസിനിമയിലെ ഏറ്റവും അംഗീകൃത ഇന്ത്യൻ ചലച്ചിത്ര സംവിധായകരിൽ ഒരാളാ ണ് അടൂർ ഗോപാലകൃഷ്ണൻ. സംസ്ഥാന - ദേശീയ - അന്തർദേശീയ പുരസ്കാരങ്ങൾ കൂടാതെ ദാദാ സാഹേബ് ഫാൽക്കെ അവാർഡ് , ജെ. സി. ഡാനിയേൽ അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ സിനിമയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ കണക്കിലെടുത്ത് രാഷ്ട്രം 1984-ൽ പത്മശ്രീയും 2006-ൽ പ ത്മവിഭൂഷൺ ബഹുമതിയും നൽകി ആദരിച്ചു.






# Tomáz Gutiérrez Alea... With dialectical insight



ജസീന്ത മോറിസ്
( ഫിൽക്ക)



Cinematic giant Tomáz Gutiérrez Alea is also considered as Latin America's foremost filmmaker.From black humour and satires to historical epics, his stylistically daring films explore life in post-revolutionary Cuba. Alea wrote and directed more than 20 features, documentaries, and short films.


Though he studied law at the University of Havana, he had a passion for film and shot amateur shorts on 8mm. After graduating, he went on to study at the Centro Sperimentale di Cinematografia in Rome from 1951-53.

Tomaz Gutiérrez Alea expresses his gratitude in his films to the eminent personalities who inspired him, including Glober Rocha, Charlie Chaplin and Luis Buñuel. Following the Cuban revolution in 1959, and with the support of the Castro regime, he and a group of other young filmmakers founded the Instituto Cubano del Arte Industria Cinematográficos (ICAIC). The collective strength for film as an art form and as the best method of disseminating revolutionary ideals to the masses. Ever dedicated to the revolution, his films nonetheless criticises the social, economic, and political realities of life in Cuba.
Alea's first widely successful feature, Muerte de un burócrata (Death of a Bureaucrat) (1966) introduces itself as a sort of homage to the history of cinematic black humour .

His next film, Memorias del Subdesarrollo (Memories of Underdevelopment) (1968) was the first Cuban film to be shown in the United States since the Revolution.He is regarded as the finest director Cuba has produced, and was awarded by the American National Society of Film Critics in 1974.

The critical satire genre was always an important part of his work. His satire La muerte de un burócrata was an homage to all his favourite filmmakers, including Glober Rocha and Buñuel. It became an instant Cuban cinema classic and established his name abroad.For his last satire Fresay Chocolate, the first Cuban film with an openly gay main character, he was nominated for an Oscar for Best Foreign Film.Tomáz Gutiérrez Alea is the name engraved permanently among the classic film makers of the World .

Tomaz Guiterez Alea has visited Trivandrum with his four films ( Last Supper , Survivers, Death of a bureaucrat, Memories of underdevelopment) and documentary ( Tobacco) in 1984.




September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



KSFDC

# ആന്ദ്രേ വാജ്ദ




സുരേഷ്കുമാർ.സി.
(ബീം ഫിലിം സൊസൈറ്റി)

ഇറ്റാലിയൻ നിയോ റിയലിസ്റ്റ് സിനി മാ സങ്കേതങ്ങളിലൂടെ തന്റെ സിനിമാ ജീവിതം ആരംഭിച്ച പോളിഷ് ചലച്ചിത്രകാര നാണ് ശ്രീ.ആന്ദ്രേ വാജ്ദ ' (Andrzej Wajda).

രണ്ടാം ലോക മഹായുദ്ധകാലത്ത് യൂറോപ്പിലെ ശക്തമായ ഒളിപ്പോർ സംഘങ്ങളിലൊന്നായ , ജർമ്മൻ അധിനിവേശ പോളിലെ 'ഹോം ആർമി 'യിലെ ഒരംഗമെന്ന നിലയിൽ രൂപപ്പെട്ടു വന്ന രാഷ്ട്രീയ നിലപാടുകൾ തന്റെ ചലച്ചിത്ര രചന കളുടെ ആത്മാംശമായി സൂക്ഷിച്ചു പോന്നു അദ്ദേഹം. പോളിലെ നാഷണൽ ഫിലിം സ്കൂളായ ' Lodz Film School ൽ നിന്നും സിനി മാപഠനം കഴിഞ്ഞിറങ്ങിയ അദ്ദേഹം ഹൃസ്വ ചിത്രങ്ങളിലൂടെയാണ് തന്റെ രചനാജീവിതം ആരംഭിക്കുന്നത്.






രണ്ടാം ലോകയുദ്ധം പ്രമേയമാക്കിയ സിനിമാത്ര യങ്ങളിലെ ആദ്യ സിനിമയായ A GENERATION തന്നെയായിരുന്നു ആന്ദ്രേ വാജ്ദയയുടെ ആദ്യ ചലച്ചിത്രരചനയും. 1955 ൽ തന്റെ 27-ാം വയസ്സിലാണ് ഈ സിനിമ പുറത്തിറങ്ങു ന്നത്. പോളിൽ അന്ന് ശക്തമായിരുന്ന യാഥാസ്ഥിതിക സിനിമാ സങ്കേതങ്ങളെയാകെ നിരാകരിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രചനാരീതി. പോളിഷ് സിനിമയിൽ പുറം വാതിൽ സീക്വൻസുകൾ പ്രാമുഖ്യം നേടുന്ന തും ശ്രദ്ധേയമാകുന്നതും വാജ്ദയുടെ ഈ ആദ്യ സിനിമയിലൂടെയാണെന്ന് പറയാം.

KANAL(1957), ASHES AND DIAMONDS (1958) എന്നി വയാണ് യുദ്ധസിനിമാത്രയത്തിലെ മറ്റു രണ്ടു സിനിമകൾ. ബർഗ്മാന്റെ The Seventh Sealനോടൊ പ്പം കാൻ ചലച്ചിത്ര മേളയിൽ പ്രത്യേക ജൂറി പുരസ്കാരം നേടിയ ചിത്രമാണ് KANAL. ജർമ്മൻ നാസി അധിനിവേശത്തിൽ നിന്നും സോവിയറ്റ് അധിനിവേശത്തിലേയ്ക്കുള്ള പോളിന്റെ രാഷ്ട്രീയ മാറ്റം വരുത്തിയ സന്നിഗ്ദ്ധതകൾ വാജ്ദയുടെ സിനിമകളിലും പ്രതിധ്വനിക്കുന്നതായി കാണാം. നാസികളുടെ വംശീയ ആക്രമണങ്ങൾക്കെതിരെ സോവിയറ്റ്

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC






ചെമ്പടയുടെ സഹായത്തോടെയുള്ള പോരാട്ടങ്ങളുടെയും സോവിയറ്റ് അധീശ പോളിന്റെ സ്വാതന്ത്ര്യത്തിനായി നടന്ന ഒളിപ്പോരുകളുടേയും ഇടയിൽ വൈകാരികവും യുക്തി പരവുമായ സമ്മർദ്ദങ്ങൾക്ക് വിധേയമായിരുന്നു ആന്ദ്രേ വാജ്ദയും അദ്ദേഹത്തിന്റെ ചലച്ചിത്ര രചനകളും.

2016 വരെ നീളുന്ന അദ്ദേഹത്തിന്റെ സിനിമാ ജീവിതത്തിൽ വിശ്വോത്തരമായ രചനകളുടെ എണ്ണം നിരവധിയാണ്. Lotna(1959), Samson (1961), Siberian Lady Macheth (1962), The promised Land (1974), Man of Marble (1979), Man of Iron (1981), Danton (1983), The possessed (1988), Holy week (1995), Pan Tadeusz (1999), Katyn (2007), Walesa, Man of Hope (2013) എന്നിവ അവയിൽ പ്രധാനപ്പെട്ട ചില സിനിമകളാണ്. 2016 ൽ പുറത്തിറങ്ങിയ After image ആണ് ആന്ദ്രേ വാജ്ദയുടെ അവസാന സിനിമ.

യുദ്ധത്തിന്റെയും സ്വാതന്ത്ര്യ പോരാട്ടങ്ങളുടേയും സംഘർഷ ഭൂമികയിലാണ് വാജ്ദയുടെ സിനിമാലോകം വേരൂന്നി നിന്നത്. യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ട്, തടവറയിലെ കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട പോളിഷ് പട്ടാളക്കാരനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ആ കൂട്ടക്കൊലയെ ആസ്പദമാക്കിയ സിനിമയാണ് Katyn (2007).

സോളിഡാരിറ്റി പ്രസ്ഥാനത്തിന്റെ സഹയാത്രികനായി മാറിയ ശേഷമുള്ള ഒരു മികച്ച സിനിമയാണ്, കാൻ മേളയിൽ Palme d'or t\Snb Man of Iron (1981).

യൂറോപ്യൻ ഫിലിം അവാർഡ് (1990) ഉൾപ്പെടെ നിരവധി രാജ്യാന്തര പുരസ്കാരങ്ങൾ നേടിയ ആന്ദ്രേ വാജ്ദ 2016 ഒക്ടോബർ 9 ന് വാഴ്സയിൽ നിര്യാതനായി.

September Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

38

KSFDC

# MIKLOS JANCSO....Surrealistic - Semiotics style film maker



ജസീന്ത മോറിസ്
( ഫിൽക്ക)




Miklos Jancsó's films are characterized by long takes and their plot often takes place in historical periods and at rural settings. A frequent theme of his films is the domination of socialist imperial political power. His works are often allegorical commentaries on Hungary under the Soviet occupation. But Jancso always stands with communist Ideology and Hungarian national sovereignty.

Jancso adopts Hungarian Czardas folk ballet style and gypsy music for his lyrical visual grammer of cinema. The films, (Red Psalm , Electra my love , Hungarian Rhapsody, Horoscope of Jesus, ) are unique in world cinema. All these films are widely acclaimed and awarded at major international film festivals.

He received his Diploma in Film Directing in 1950. Around this time Jancsó began working on newsreel footage and reported on such subjects as May Day celebrations, agricultural harvests and state visits from Soviet dignitaries. Jancso first started directing films in 1954 by making documentary newsreels. Between 1954 and 1958 he made newsreel shorts whose subjects ranged from a portrait of Hungarian writer Zsigmond Moricz in 1955 to the official Chinese state visit in 1957. Although these films do not reflect Jancso's aesthetic development, they gave the director the opportunity to master the technical side of film-making while also enabling him to travel around Hungary and see first-hand what was happening there.

In 1958, he completed his first full-length feature film, The Bells Have Gone to Rome. In the film a group of Hungarian schoolboys are pressured to join the army by Nazi Germans and fight against the Russians on the eastern front. After contributing to the film Harom csillag with Zoltan Varkonyi and Karoly Wiedermann in 1960, Jancso's next feature film was Cantata in 1962 based from a short story by Jozsef Lengyel. He decides to revisit his place of birth, his father's farm in the Hungarian plains and is affected by





the connection to nature that he had forgotten in the city. Although this film is set in a contemporary environment, very little of it is set in the city and much of it still on the puszta.

The Round-Up premiered at the 1966 Cannes Film Festival was a huge international success. Eminent Hungarian film director Zoltan Fabri stated "Perhaps the best Hungarian film ever made". In Hungary, the film was seen by over a million people (in a country with a population of 10 million). In 1968, Jancso shot his first work in colour. "The Confrontation ". It also was the first film to introduce song and dance as an essential part of the film.

In addition to feature films, Jancso made a number of shorts and documentaries throughout his career and from 1971 into the 1980s also directed work for the theatre.

Miklos Jancso has been honorary scholar at the University of Theatre and Film Arts in Budapest since 1988, and was an affiliate at Harvard between 1990 and 1992. He received five nominations for the Best Director Award at the Cannes Film Festival.His wife Marta Meszores is the top most woman director in the world cinema and his son Junior Miklos Jancso is a notable cinematographer.








September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC




പ്രതികരണം

# അടൂർ ഫിലിം ഫെസ്റ്റിവൽ



ജോൺ തോമസ്
( ഫിൽക്ക)



ഫിൽക്ക ഫിലിം സൊസൈറ്റി 2024 ആഗസ്റ്റ് മാസത്തെ പരിപാടിയായി 'അടൂർ ഗോപാലകൃഷ്ണൻ ഫിലിം ഫെസ്റ്റിവൽ' സംഘടിപ്പിച്ചത്, തങ്ങളുടെ പ്രവർത്തനം ഊർജിതമാക്കുവാൻ താല്പര്യപ്പെട്ട മറ്റൊരു ഫിലിം സൊസൈറ്റിയുടെ- പ്രിയദർശിനി ഫിലിം സൊസൈറ്റിയുടെ- സഹകരണത്തോടു കൂടി ആയിരുന്നു. തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ എസ്.എസ്.റാം എ.സി ഹാൾ വേദിയായ പ്രസ്തുത ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം അടൂർ ഗോപാലകൃഷ്ണൻ മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ മുൻമന്ത്രി രമേശ് ചെന്നിത്തല എം.എൽ.എ നിർവഹിച്ചു.

ആധുനിക കാലത്തിന്റെ കലാരൂപമായ സിനിമയെ കുറിച്ച് ഉള്ള തന്റെ ഉറച്ച അഭിപ്രായങ്ങൾ ശ്രീ അടൂർ ഗോപാലകൃഷ്ണൻ ഈ യോഗത്തിൽ പങ്കു വച്ചു. നല്ല സിനിമ ആസ്വദിക്കുവാൻ ശിക്ഷണം ആവശ്യമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കഥകളി ശരിയായി ആസ്വദിക്കണമെങ്കിൽ കഥ, സന്ദർഭം, പാട്ട്, മുദ്രകൾ തുടങ്ങിയ കാര്യങ്ങളിൽ അറിവ് വേണമെന്നതുപോലെ നല്ല സിനിമ ആസ്വദിക്കുവാൻ നല്ല തയ്യാറെടുപ്പ് വേണമെന്ന് അദ്ദേഹം സമർത്ഥിച്ചു. ഇത്തരത്തിൽ ശിക്ഷണം ലഭിക്കാത്തവർ അവാർഡ് നിർണയ കമ്മിറ്റികളിൽ വരുമ്പോഴാണ് കലാമൂല്യമുള്ള ചിത്രങ്ങൾക്ക് അവാർഡ് ലഭിക്കാതെ പോകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആസ്വാദകരുടെ നിലവാരം ഉയർത്തുക എന്നതാണ് ബംഗാളിനു ശേഷം 1965 മുതൽ അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ കേരളത്തിൽ രൂപംകൊണ്ട ഫിലിം സൊസൈറ്റി പ്രസ്ഥാനം തങ്ങളുടെ മുഖ്യ ധർമ്മമായി സ്വീകരിച്ചത്. സിനിമാപ്രദർശനം,ചർച്ചകൾ, നിരൂപണ ഗ്രന്ഥങ്ങളുടെ രചന, സമാന്തര സിനിമാ നിർമ്മാണം എന്നിവയിലൂടെ കേരളത്തിലെ ഫിലിം സൊസൈറ്റികൾ നടത്തിയ പ്രവർത്തനമാണ് മികച്ച നിരൂപകരും, ആസ്വാദകരും, സംവിധായകരും കേരള മണ്ണിൽ പിറക്കുന്നതിന് നിമിത്തമായി തീർന്നത്.



പ്രിയദർശിനി ഫിലിം സൊസൈറ്റി പ്രസിഡൻറ് തോംസൺ ലോറൻസ്, സാബു ശങ്കർ (ചലച്ചിത്ര ഗ്രന്ഥകാരൻ , നോവലിസ്റ്റ്) എന്നിവരും തദവസരത്തിൽ സംസാരിച്ചു. ശ്രീ.അടൂർ ഗോപാലകൃഷ്ണനു മായി സാബു ശങ്കർ നടത്തിയ അഭിമുഖം ഉൾക്കൊള്ളുന്ന അരമണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെൻററി ചിത്രം (ദൃശ്യ വ്യാകരണം അടൂർ സിനിമകളി ൽ - സിനിമയുടെ വിശ്വജാലകം - എപ്പിസോഡ് 1) അടൂർ സിനിമകളുടെ വിവിധ വശങ്ങളെ ക്കുറിച്ച് മികച്ച ധാരണ ലഭിക്കുന്നതിന് ഉതകുന്നതായിരുന്നു.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
41 KSFDC

ഏതു രാജ്യത്തെയും സിനിമയുടെ വളർച്ച പോലെ മലയാള സിനിമയുടെ വളർച്ചയും ഒരു തുടർ പ്രക്രിയയാണ്. ന്യൂസ് പേപ്പർ ബോയ്, സ്നേഹസീമ, നീലക്കുയിൽ, ഭാർഗവി നിലയം, ചെമ്മീൻ... വിൻസന്റ്മാഷും സേതു മാധവനും സംവിധാനം ചെയ്ത ചിത്രങ്ങൾ... എം.ടി തിരക്കഥ എഴുതിയ സിനിമകൾ എന്നി വയൊക്കെ പടവുകൾ ആയി ചൂണ്ടിക്കാണി ക്കാവുന്ന വളർച്ചയുടെ ഒരു തുടർ പ്രക്രിയ. എന്നാൽ നാടകത്തിന്റെ സ്വാധീനത്തിൽ നിന്നും തികച്ചും വിമുക്തമായി,പാട്ട്, ഹാസ്യം, പ്രേമം , താരപരിവേഷം തുടങ്ങിയ പതിവ് ഫോർമുല മറികടന്നുകൊണ്ട് മലയാള ത്തിലാദ്യമായി നിർമ്മിക്കപ്പെട്ട ചിത്രം അടൂർ ഗോപാലകൃഷ്ണന്റെ 'സ്വയംവര'മാണ്.

നാടകത്തിലും കഥകളിയിലും തൽപ്പരനാ യിരുന്ന അടൂർ ഗാന്ധിഗ്രാമിലെ തന്റെ പഠനത്തിനുശേഷം പൂനാഫിലിം ഇൻസ്റ്റിറ്റ്യൂ ട്ടിൽ ചേരുന്നതു തന്നെ തിരനാടക രചനയിൽ കൂടുതൽ അറിവ് നേടി നാടകം എന്ന കലാരൂപ ത്തെ പരിപോഷിപ്പിക്കുവാനുള്ള വൈദഗ്ധ്യം ആർജിക്കുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ അവിടുത്തെ പഠനകാലം പ്രത്യേകിച്ചും അവിടെ വച്ച് താൻ പരിചയപ്പെട്ട ലോക ക്ലാസിക് സിനിമ കളുടെ കാഴ്ച, സിനിമയാണ് തന്റെ തട്ടകം എന്ന തീരുമാനത്തിലേക്ക് അദ്ദേഹത്തെ എത്തിക്കുകയായിരുന്നു. തുടർന്നാണ് അദ്ദേഹം നല്ല സിനിമാവബോധം സൃഷ്ടിക്കുന്നതിന്



വേണ്ടിയുള്ള ഫിലിം സൊസൈറ്റി രൂപീ കരണം, സിനിമ നിർമാണത്തിനു വേണ്ടിയുള്ള മൂലധനം ആർജ്ജിക്കൽ എന്ന ഉദ്ദേശ്യം മുൻനിർത്തി ഉള്ള സഹകരണ സംഘത്തിന്റെ രൂപീകരണം, സിനിമ സ്റ്റുഡിയോയുടെ നിർമ്മാ ണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തും അവയുടെയൊക്കെ പ്രവർത്തനഫലം എന്ന രീതിയിൽ 1970 കളുടെ ആദ്യ പാദത്തിൽ മലയാള സിനിമാ ചരിത്രത്തിലെ ഒരു നാഴി കക്കല്ലായ 'സ്വയംവര'മെന്ന സിനിമ രൂപം കൊള്ളുന്നതും.

തുടർന്ന് ഫെസ്റ്റിവലിന്റെ ഭാഗമായി എലിപ്പ ത്തായം, അനന്തരം, മതിലുകൾ, വിധേയൻ എന്നീ നാല് അടൂർ ചിത്രങ്ങളുടെ പ്രദർശനം നടന്നു. ഇവയിൽ രണ്ടു സിനിമകൾ വിഖ്യാത മായ, നീണ്ടകഥകൾ എന്നോ നോവലെ



റ്റെന്നൊ വിശേഷിപ്പിക്കാവുന്ന രണ്ട് കൃതി കളെ -വൈക്കം മുഹമ്മദ് ബഷീറിന്റെ 'മതിലു കൾ' - സക്കറിയയുടെ 'ഭാസ്കർ പട്ടേലറും എന്റെ ജീവിതവും'-അടിസ്ഥാനമാക്കി രൂപം കൊണ്ട വയും മറ്റു രണ്ടു കൃതികൾ അടൂർ സ്വതന്ത്ര മായി രൂപം കൊടുത്ത തിരനാടകങ്ങളെ ആസ്പ ദമാക്കിയുള്ളവയുമാണ്.

വയനാട്ടിൽ ജീവിതമാർഗം കണ്ടെത്താനാവാതെ തെക്കൻ കർണാടകത്തിലേക്ക് ഭാര്യാ സമേതം കുടിയേറിയ മലയാളിയായ തൊമ്മിയും ഭാസ കർ പട്ടേലറും തമ്മിലുള്ള ബന്ധം. കൂടാതെ തൊമ്മിയും പട്ടേലറുടെ ഭാര്യ സരോജയും തമ്മിലുള്ള ബന്ധം. പട്ടേലറും തൊമ്മിയുടെ



ഭാര്യ ഓമനയും തമ്മിലുള്ള ബന്ധം... എന്നിവ യ്ക്കപ്പുറം സരോജയെ താൻ തന്നെ കൊല്ലേണ്ടി വന്നു വെന്ന പശ്ചാത്താപ ചിന്തയോടെ,തന്നെ തേടിയെത്തിയ തോക്കേന്തിയ വർക്ക് മുൻപിൽ, നിരായുധനായി മരണത്തിന് കീഴടങ്ങുന്ന പട്ടേലറെ വനപ്രകൃതിയുടെ പാരുഷ്യവും സൗന്ദ ര്യവും ഒട്ടും ചോരാതെ ചിത്രീകരിച്ച സിനിമ യാണ് 'വിധേയൻ'.

ബഷീറിന്റെ കഥയിലെ പോലെ നേരിട്ടു പ്രത്യക്ഷപ്പെടാതെ ശബ്ദത്തിലൂടെ മാത്രം അറിഞ്ഞ് തടവുകാരനായ പുരുഷനാൽ സ്നേ ഹിക്കപ്പെടുന്ന തടവുകാരിയായ നാരായണി യെ അവതരിപ്പിച്ച 'മതിലുകൾ' എന്ന സിനി മയിൽ പ്രണയം, സ്വാതന്ത്ര്യം എന്നിവയുടെ അർത്ഥവ്യാപ്തിയെ കുറിച്ചുള്ള അന്വേഷണം ജയിലിന്റെ പശ്ചാത്തലത്തിൽ നടത്തിയിരിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങളെ അവഗണിച്ച് തന്റെ ശീലങ്ങളുടെയും ദിനചര്യകളുടെയും തടവറയിൽ കഴിയുകയും അതിനു പുറത്തുള്ള എന്തിനെയും ഭയാശങ്ക കളോടെയോ പുച്ഛത്തോടെയോ വീക്ഷിക്കു കയും ചെയ്യുന്ന ഉണ്ണിക്കുഞ്ഞ് എന്ന കുടുംബ കാരണവരായ കഥാ നായകനെ അവതരിപ്പിച്ച 'എലിപ്പത്തായ'ത്തിൽ, ജന്മം കൊണ്ട് തനി ക്ക് പരിചിതമായ പരിസരമാണ് അടൂർ അവതരിപ്പിച്ചത്. കുടുംബത്തിനുവേണ്ടി സ്വയം ഹോമിക്കപ്പെടുന്ന ജീവിതം നയിച്ച ജാനമ്മ എന്ന ശ്രദ്ധേയ കഥാപാത്രം ഉള്ള ഈ സിനി മയിലെ കാലത്തിനനുസരിച്ച് മാറാൻ മുതി ർന്നവരാണ് ശ്രീദേവിയും കല്യാണ ആലോചന യുമായി വരുന്ന അമ്മാവനും കാര്യസ്ഥനായ കറിയാ മാപ്പിളയും മകൻ മാത്തുക്കുട്ടിയും ഒക്കെ. ഇല്ലായ്മ മൂലം ഉണ്ടായ തന്റെ ചെറി യ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഏത് അളവു വരെയും പോകുന്ന മീനാക്ഷി എന്ന കഥാപാത്രം രോഗാവസ്ഥയിൽ കഴി യുന്ന ജാനമ്മയെ വളരെ വേഗം ആളെക്കൂട്ടി ചികിത്സാർത്ഥം കൊണ്ടുപോകുന്നതിന് നിമിത്തമായി തീരുന്ന കാഴ്ചയും സിനിമ യിൽ കാണാൻ കഴിയും. അന്ത്യരംഗത്തിൽ കുളത്തിൽ നിന്നും കൂപ്പുകൈകളോടെ കേറി വരുന്ന ഉണ്ണിക്കുഞ്ഞ് കൊടിയേറ്റത്തിലെ ഗോപി അവതരിപ്പിച്ച ശങ്കരൻകുട്ടിയെപ്പോലെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് കാര്യഗൗരവം ആർജിച്ച് ജീവിത ത്തിലേക്ക് മടങ്ങി വരുവാൻ ഇടയാവുമോ എന്ന ചോദ്യം കാണിക്ക് നൽകുന്നു.

അനന്തരത്തിലെ ആദ്യപാദം- അതിബുദ്ധി മാനായ അജയന്റെ ജീവിതത്തിൽ വൈകാരി കത മേൽക്കൈ നേടി ജീവിതം ദുരന്തമായി മാറുന്നതിന്റെ ആവിഷ്കരണം- അതിൻെറ കാരണങ്ങൾ ആരാഞ്ഞ രണ്ടാം പാദത്തേക്കാൾ ശക്തമായി അനുഭവപ്പെട്ടു. ഒരുതരത്തിൽ ബുദ്ധി അല്പം കുറഞ്ഞിരിക്കുന്നതാണ് നല്ലതെന്ന് മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രം - ഡോക്ടർ ബാലു പറഞ്ഞ വാക്കുകൾ അന്വർത്ഥമാണ് എന്ന് തോന്നിപ്പിച്ചു. ഇന്ത്യൻ സിനി മാ ചരിത്ര ത്തിലെ ഒരു ലെജൻഡ് എന്ന് വിശേഷിപ്പിക്കാ വുന്ന സംവിധായകൻ അടൂർ ഗോപാല കൃഷ്ണന്റെ നാല് സിനിമകൾ ഒരുമിച്ചു കാണാനും അവയെ കൂടുതൽ അറിയാനും അവസരം ഒരുക്കിയ ഫിൽക്കാ ഫിലിം സൊസൈറ്റിക്ക് അഭിനന്ദനങ്ങൾ.



September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



# ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിൽ ഒരു പടി കൂടി മുന്നോട്ട് - അടൂർ ഗോപാലകൃഷ്ണൻ



സാം ആന്റണി
ഫിൽക്ക

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അടൂർ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ഓഗസ്റ്റ് ഇരുപത്തിയേഴാം തീയതി തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ എസ്.എസ്.റാം എ.സി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ മുൻ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. ചടങ്ങിൽ അടൂർ ഗോപാലകൃഷ്ണൻ, നോവലിസ്റ്റും പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, പ്രിയദർശിനി ഫിലിം സൊസൈറ്റി പ്രസിഡന്റ് തോംസൺ ലോറൻസ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഫിൽക്ക വൈസ് പ്രസിഡന്റ് അർപ്പണ അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും സ്വാഗതം അർപ്പിച്ചു.

അടൂർ ഗോപാലകൃഷ്ണന്റെ ലോകപ്രശസ്ത ചലച്ചിത്രങ്ങളായ എലിപ്പത്തായം, അനന്തരം, മതിലുകൾ, വിധേയൻ എന്നീ സിനിമകളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. കെ.എസ്.എഫ്.ഡി.സി, ചലച്ചിത്ര അക്കാദമി, ലോട്ടറി ഡിപ്പാർട്ട്മെൻറ്, ബീം ഫിലിം സൊസൈറ്റി, ബി.എസ്.എസ്. ചലച്ചിത്ര മണ്ഡലം, ജോയിന്റ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റി, പ്രിയദർശിനി ഫിലിം സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫിലിം ഫെസ്റ്റിവൽ. ചടങ്ങിൽ സംസാരിച്ച അടൂർ ഗോപാലകൃഷ്ണൻ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവാണ് ഇന്നിവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്നത് എന്നു പറഞ്ഞു :



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
44
KSFDC

സാധാരണ ഗതിയിൽ പൊതുജനങ്ങൾക്ക് കാണുവാൻ ലഭ്യമല്ലാത്ത സിനിമകളാണ് ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കപ്പെടാറുള്ളത്. എന്നാൽ അന്താരാഷ്ട്രതലത്തിൽ അവാർഡ് നേടിയിട്ടുള്ള സിനിമകൾ പ്രദർശിപ്പിക്കുക മാത്രമല്ല, അതിനും ഒരു പടി കൂടി കടന്ന് സിനിമയുടെ സൗന്ദര്യശാസ്ത്രവും സാങ്കേതികവുമായ വശങ്ങളുടെ പ്രത്യേകതകളും മനസ്സിലാക്കുവാൻ സാധിക്കത്തക്ക വണ്ണമാണ് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം എന്നുള്ളത് എടുത്തു പറയേണ്ടതുണ്ട്. സാധാരണഗതിയിൽ ഫിലിം സൊസൈറ്റി അംഗങ്ങൾക്ക് ഇതിനുള്ള അവസരങ്ങൾ കിട്ടാറില്ല. സിനിമ പ്രേമികൾക്കും സിനിമാ വിദ്യാർത്ഥികൾക്കും ലോക സിനിമകളെ കാണുവാനും ആഴത്തിൽ



മനസ്സിലാക്കുവാനും പഠിക്കാനും കൂടുതൽ നന്നായി ആസ്വദിക്കുവാനും പ്രാപ്തരാക്കുന്ന ഒരു മഹത്തായ പദ്ധതിയാണ് ഇന്നിവിടെ പ്രദർശനം ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുന്ന ചലച്ചിത്ര പഠന പരമ്പര . ഫിൽക്ക ഫിലിം സൊസൈറ്റിയുടെ , 'സിനിമയുടെ വിശ്വജാലകം' എന്നതാണ് ഈ പരമ്പര.

മുൻപൊക്കെ രണ്ടോ മൂന്നോ മാസം കൂടുമ്പോൾ സിനിമാസ്വാദകരും പ്രവർത്തകരും ഒരുമിച്ചുകൂടി ഒരു വിഷയം തിരഞ്ഞെടുത്തു അതിനെപ്പറ്റി ചർച്ചകൾ നടത്തുമായിരുന്നു. എന്നാൽ അതിൽ നിന്ന് ഒരു പടി കൂടി മുന്നോട്ടു പോയി സിനിമാ സംബന്ധിയായ




നാനാ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും പഠനങ്ങളും ഉൾക്കൊള്ളിച്ച് ഒരു വീഡിയോ പ്രോഗ്രാം തന്നെയാണ് സാബു ശങ്കർ പ്ലാൻ ചെയ്തിരിക്കുന്നത്. അപൂർവ്വം അവസരങ്ങളിലാണ് സിനിമ എടുത്തയാളെ ഇത്തരം ചർച്ചകൾക്കായി കിട്ടാറുള്ളത്. മിക്കവാറും എല്ലാവരും തന്നെ കാലഗതിയെ പ്രാപിച്ചവരായിരിക്കുന്നു എന്നതു തന്നെ കാരണം. സാധാരണഗതിയിൽ ഇത്തരം സിനിമകൾ എടുത്തവരെ കാണാൻ തന്നെ കിട്ടുകയില്ല. അവശേഷിക്കുന്നവർ അപൂർവം ചിലർ മാത്രമേ ഇപ്പോൾ ബാക്കിയുള്ളു താനും. അങ്ങനെ അവശേഷിക്കുന്നവരിൽ ഒരുവനാണ് ഞാനും.

ഫിലിം സൊസൈറ്റി എന്ന ഒരു പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചത് 1965 ലാണ്. ചിത്രലേഖ ഫിലിം സൊസൈറ്റി എന്ന പേരിലാണ് അത് ആരംഭിച്ചത്. കേരളം മൊത്തം സൊസൈറ്റികൾ തുടങ്ങണമെന്ന് ലക്ഷ്യത്തോടുകൂടിയാണ് അത് ആരംഭിച്ചത് തന്നെ. ആ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഫിലിം സൊസൈറ്റികൾ പ്രവർത്തിച്ചിരുന്നത് വെസ്റ്റ് ബംഗാളിലും മറ്റുമായിരുന്നു. അതിൽ അധികവും കൽക്കട്ടയിലുമായിരുന്നു.

കേരളത്തിൽ ഫിലിം സൊസൈറ്റികളുടെ എണ്ണത്തിൽ വന്ന വളർച്ച അത്ഭുതാവഹമായിരുന്നു. 1975 ആയപ്പോഴേക്കും ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്ന സംസ്ഥാന



മായി കേരളം മാറിയിരുന്നു. അതിന്റെ ഫലമായി ഒട്ടനവധി ഭേദപ്പെട്ട നിരൂപകർ കേരളത്തിൽ നിന്നുണ്ടായി. കുറെയധികം ചെറുപ്പക്കാർ പൂനെ ഫിലിം ഇൻസ്റ്റ്യൂട്ടിൽ പഠിക്കാനായി പോയി.

ഇപ്പോൾ നോക്കിയാൽ കഴിഞ്ഞ 60 വർഷത്തിനുള്ളിൽ സിനിമയിൽ പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള കുറെയധികം സാങ്കേതിക വിദഗ്ധരും അപൂർവ്വമെങ്കിലും ചില സംവിധായകരും പൂനയിലോ കൽക്കട്ടയിലോ പോയി പഠിച്ചു വന്നവരാണ് എന്നു കാണാം. ഇവരൊക്കെ ചേർന്ന് നമ്മുടെ സിനിമകളിൽ സൗന്ദര്യശാസ്ത്രപരമായ, സാമൂഹികമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് .

നമ്മൾ വളരെ പിന്നിലായി നിൽക്കുന്നു എന്ന് പലപ്പോഴും തോന്നിയിട്ടുള്ളത് അവാർഡുകളുടെ കാര്യത്തിലാണ്. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ ആണ്ടോടാണ്ട് ചലച്ചിത്ര മത്സരങ്ങൾ നടത്താറുണ്ട്. സിനിമ കണ്ടു ശീലിച്ചിട്ടില്ലാത്തവർ ഇത്തരം മത്സരങ്ങളുടെ അവാർഡ് നിർണയ കമ്മിറ്റികളിൽ കടന്നു കൂടാറുമുണ്ട്. അവരിൽ പലരും ഒരു ഭേദപ്പെട്ട ചലച്ചിത്രം ആദ്യമായി കാണുന്നവരായിരിക്കും. നാഷണൽ അവാർഡുകളുടെ കാര്യത്തിൽ പോലും ഇത് സംഭവിക്കാറുള്ളതാണ്. ഒരിക്കൽ അവാർഡ് കമ്മിറ്റിയിൽ അംഗമായിരുന്ന ഒരു നിരൂപകൻ അവിടെ ഉണ്ടായിരുന്ന ചില ജൂറികളെ പറ്റി എന്നോട് പറഞ്ഞത്, ഒന്നോ രണ്ടോ സിനിമകൾ കണ്ടു കഴിയുമ്പോൾ തന്നെ ഇവരൊക്കെ തളർന്നു പോകുന്നുവെന്നാണ്. അവർക്ക് തുടർച്ചയായി സിനിമ കണ്ടുള്ള ശീലമില്ല എന്നത് തന്നെ കാരണം. അത്തരം ആളുകളാണ് അവാർഡ് നിർണ്ണയം നടത്തുന്നത് എന്നുള്ളത് ആണ് അതിലെ വിരോധാഭാസം. അതുകൊണ്ടു തന്നെ സിനിമയുടെ ഗുണമല്ല, മറ്റു പല കാര്യങ്ങളുമാണ് അവാർഡ് നിർണ്ണയത്തിന് അടിസ്ഥാനമാകുന്നത് എന്ന് കണക്കാക്കാം. അത്രത്തോളം മോശമായിട്ടുണ്ട് നമ്മുടെ ദേശീയ തലത്തിലുള്ള അവാർഡുകളുടെ നിലവാരം. കേരളത്തിൽ അത്രയും മോശമായിട്ടില്ല എന്നേയുള്ളൂ. എങ്കിലും പലപ്പോഴും പല നല്ല സിനിമകളും തഴയപെടുന്നുണ്ട്.



ഇപ്പോഴത്തെ മറ്റൊരു പ്രശ്നം ഓരോ വർഷവും ഇരുന്നൂറും ഇരുന്നൂറ്റിയൻപതും ചലച്ചിത്രങ്ങളാണ് പ്രദർശനത്തിന് എത്തുന്നത് എന്നുള്ളതാണ്. എങ്ങനെയാണ് ഇവ അവാർഡ് നിർണ്ണയത്തിനായി കണ്ടു തീർക്കുക എന്നത് ഒരു വലിയ ചോദ്യമാണ്. അതുകൊണ്ടു തന്നെ രണ്ടും മൂന്നും അവാർഡ് നിർണ്ണയ കമ്മിറ്റികളെ വയ്ക്കും. അവാർഡ് നിർണയത്തിന് ഇരിക്കുന്നവർ ഏതെങ്കിലും തരത്തിൽ അവയിലെ ഏതെങ്കിലും സിനിമകളുമായി ബന്ധപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരുടെ സിനിമകൾ ആ മത്സരത്തിൽ

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

46

KSFDC



നിന്ന് ആദ്യ റൗണ്ടിൽ തന്നെ പുറത്താക്കപ്പെടും. ബാക്കിവരുന്ന സിനിമകളാണ് മത്സരത്തിൽ പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ Elimination process ഒരുതരത്തിൽ പറഞ്ഞാൽ കുളിപ്പിക്കുന്ന കുഞ്ഞിനെ കുളവെള്ളത്തോട് കൂടി പുറത്തു കളയുന്ന അവസ്ഥയിലാകും.

ഭേദപ്പെട്ട പല സിനിമകളും ഇത്തരത്തിൽ പുറത്താക്കപ്പെടും. ഓരോ കൊല്ലവും ഇതാണ് സംഭവിക്കാറുള്ളത്. വളരെ ഔട്ട്സ്റ്റാൻഡിങ് ആയിട്ടുള്ള ഒരു സിനിമ ആയിരുന്നു 'ഉള്ളൊഴുക്ക്'. ആ സിനിമ എത്രപേർ കണ്ടു എന്ന് അറിഞ്ഞുകൂടാ. കേരള ഗവൺമെന്റിന്റെ അവാർഡുകൾ ശ്രദ്ധിച്ചാൽ ഏറ്റവും മികച്ച നടിക്കുള്ള ഒരു അവാർഡ് ഒഴിച്ചാൽ ആ സിനിമയ്ക്ക് മറ്റ് അവാർഡുകൾ ഒന്നു പോലും കിട്ടിയിട്ടില്ല. ഔട്ട്സ്റ്റാന്റിംഗ് ആയിട്ടുള്ള സിനിമയ്ക്ക് വേണ്ട പരിഗണന നൽകണമെന്ന് അപേക്ഷിച്ചു കേരള മന്ത്രിസഭയിലെ ഒരു മന്ത്രിക്ക് ഞാൻ എഴുതുക പോലും ചെയ്തു. 12 പടങ്ങൾ ഉൾക്കൊള്ളിച്ച് 'മലയാള സിനി മ ഇന്ന്'എന്നൊരു സെക്ഷൻ ഉണ്ട്. അതിൽ പോലും ഈ സിനിമയെ ഉൾക്കൊള്ളിച്ചില്ല എന്നോർക്കണം .

കേന്ദ്ര ഗവൺമെന്റിന്റെ IFFI എന്ന ഗോവൻ ഫിലിം ഫെസ്റ്റിവലിലേക്കും ഇത് തിരഞ്ഞെടുക്കപ്പെട്ടില്ല. പക്ഷേ അതിൽ എനിക്ക് അത്ഭുതമില്ല. അവർ നല്ല സിനിമകൾ തിരഞ്ഞെടുക്കാറില്ല. അതിൽ മറ്റു ചില പരിഗണനകളാണ് ഉള്ളത്. ചില രാഷ്ട്രീയ സംഘടനകളുടെ താഴത്തെ ലെവലിലെങ്കിലും മെമ്പർഷിപ്പ് ഉണ്ടെങ്കിൽ മാത്രമേ നല്ല പടങ്ങൾക്ക് അവിടെ എത്താൻ പറ്റൂ. രാഷ്ട്രീയ സംഘടനകളിലെ തലപ്പത്തുള്ള നേതാക്കളുമായി ബന്ധമുള്ളവരാണ് അവരെങ്കിൽ അവർക്ക് നാഷണൽ അവാർഡ് വരെ കിട്ടിയെന്നുമിരിക്കും. അത്രയ്ക്കും അധ:പതിച്ചു കഴിഞ്ഞു അവാർഡുകളുടെ നിലവാരം.

പണ്ടൊക്കെ നാഷണൽ അവാർഡ് കിട്ടുക എന്ന് പറഞ്ഞാൽ ഒരു വിലയൊക്കെ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ നാഷണൽ അവാർഡ് കിട്ടിയെന്നു പറഞ്ഞാൽ പൊതുജനങ്ങൾക്കിടയിൽ പോലും അതിനൊരു വില ഉണ്ടാകാറില്ല. പൊതുജനങ്ങളാൽ തഴയപ്പെട്ട സിനിമകൾക്ക് പോലും നാഷണൽ അവാർഡ് കിട്ടുന്നുണ്ട് എന്നത് തന്നെയാണ് അതിനു കാരണം. അവർ ചിന്തിക്കുന്നത് ഈ തല്ലിപ്പൊളി പടങ്ങൾക്കാണോ നാഷണൽ അവാർഡ് കൊടുത്തത് എന്നാണ്.

ഞാനും ഒന്നു രണ്ടു തവണ നാഷണൽ അവാർഡ് കമ്മിറ്റിയിൽ ഇരുന്നിട്ടുണ്ട്. ആ അവസരത്തിൽ ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നത് അപ്രധാനമായ അവാർഡ് പോലും ഒരു നിലവാരമില്ലാത്ത സിനിമക്ക് കിട്ടരുത് എന്നാണ്. ഞങ്ങൾ തീരുമാനിച്ച സെലക്ഷൻ പ്രോസസ് അതാണ്. ആദ്യം ഏറ്റവും നല്ല പത്ത് സിനിമകൾ തിരഞ്ഞെടുക്കുക. ആ പത്തു സിനിമകൾക്ക് വേണം എല്ലാ അവാർഡും ലഭിക്കേണ്ടത്. ആ പത്ത് സിനിമകൾക്കല്ലാതെ മറ്റൊരു സിനിമയ്ക്ക് പോലും അവാർഡ് കിട്ടാൻ പാടില്ല. കാരണം അത് നാഷണൽ അവാർഡ് ആണ്. ഒരു ഇന്റർനാഷണൽ അവാർഡിന്റെ പ്രത്യേകതകൾ നാഷണൽ അവാർഡിനും ഉണ്ട്.



ഇന്ത്യയിലെ പതിനാറോളം ഭാഷകളിൽ നി ന്നുള്ള സിനിമകളിൽ നിന്ന് വളരെ ശ്രദ്ധാ പൂർവ്വം തിരഞ്ഞെടുത്തു നൽകേണ്ട അവാർഡ് ആണത് . അതുകൊണ്ടു തന്നെ ഒട്ടും ലാഘ വത്തോടെ കാണേണ്ട കാര്യവുമല്ല അത്.

അവാർഡുകളുടെ ഈ ദു:സ്ഥിതി മാറണ മെന്നുണ്ടെങ്കിൽ ഫിലിം സൊസൈറ്റികളിൽ നിന്ന് ലോകസിനിമകൾ കാണുകയും, അവയെ പറ്റി നല്ല അവബോധം ഉണ്ടാക്കിയെടുക്കു കയും,സിനിമയെ പറ്റിയുള്ള നല്ല ബുക്കകൾ വായിച്ച് അറിവുകൾ നേടുകയും വേണം. ഒരു നല്ല സിനിമയുടെ എല്ലാ വശങ്ങളെ പറ്റിയും ഘടകങ്ങളെ പറ്റിയും വ്യക്തമായി അറിവും സിനിമാ പരിചയവും ഉള്ളവരായ ജൂറികളുടെ അവാർഡ് നിർണ്ണയം കൂടുതൽ വിശ്വസനീയ മാകും.

മറ്റേതൊരു കലാരൂപത്തെ പറ്റിയും പഠിക്കുന്നത് പോലെ തന്നെ , സിനിമാ നിരൂപണ പുസ്ത കങ്ങളിൽ നിന്ന് ധാരാളം അറിവുകൾ നേടാവു ന്നതാണ്. ശരിയായ അറിവുകൾ ഇല്ലാതെ ഏതൊരു കലാരൂപത്തെയും സമീപിക്കുന്നത് കഥയറിയാതെ ആട്ടം കാണുക എന്നതു പോ ലെയാണ്. ഒരു ദിവസം കഥകളി കാണാൻ പോയിരുന്നിട്ട് ഒന്നും മനസ്സിലായില്ല എന്ന് പറഞ്ഞ് എഴുന്നേറ്റ് പോകുന്നത് പോലെയാണത്. കഥകളി എന്ന കലാരൂപം അതിന്റേതായ രസികർക്ക് വേണ്ടിയുള്ളതാണ്. കഥകളി രസിക്കണമെന്നുണ്ടെങ്കിൽ ആദ്യം കഥയറ ിയണം, പിന്നെ കഥാസന്ദർഭം അറിയണം. കൂടാതെ കുറച്ചെങ്കിലും മുദ്രകൾ മനസ്സി ലാക്കിയിരിക്കണം. കൂടാതെ പാട്ടുകാരൻ പാടുന്നത് എന്താണെന്ന് മനസ്സിലാക്കി യുമിരിക്കണം. നിരന്തരമായ പരിചയം കൊണ്ട് മാത്രമേ ആസ്വാദനശേഷി വളർത്തിയെടുക്കാൻ സാധിക്കുകയുള്ളു. ഇങ്ങനെയൊക്കെ ഏതൊരു കലാരൂപത്തെയും ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കുകയുള്ളു.



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
48
KSFDC



എന്നാൽ സിനിമയുടെ ഏറ്റവും വലിയ ശാപം നമ്മൾ ചെന്നിരുന്നു കൊടുത്താൽ മതി , എല്ലാം താനെ മനസ്സിലാകും എന്നുള്ള ഒരു സാധാരണയാണ് . പ്രേക്ഷകന്റെ പൊതുവായ ുള്ള ഒരു മിഥ്യാധാരണയാണത്.

മാത്രമല്ല വളരെയധികം പ്രേക്ഷകർ കണ്ടു വെങ്കിൽ മാത്രമേ പലപ്പോഴും മുതൽമുടക്ക് തിരിച്ചു കിട്ടുകയുള്ളു എന്നതുകൊണ്ടുതന്നെ പ്രേക്ഷകർ വളരെയധികം വന്നു കാണുവാനു ള്ള കുറുക്കുവഴികൾ സിനിമ നിർമ്മിക്കുന്നവർ തേടും. എത്രമാത്രം ദ്വയാർത്ഥ പ്രയോഗങ്ങളും അടിയും വെട്ടും കുത്തും നിറച്ചാണ് ഇന്ന് സിന ിമ ഇറങ്ങുന്നത്! അടിതട പഠിച്ച ആൾ തന്നെ ആയിരിക്കണം ഹീറോ. അല്ലെങ്കിൽ അയാൾ അയാളുടെ കരിയറിൽ പകുതി ദൂരത്തിനപ്പുറം പോവുകയില്ല എന്ന അവസ്ഥയുണ്ട് . ആദ്യ കാലങ്ങളിൽ തമിഴ് സിനിമയിൽ ശബ്ദവും ദൃശ്യ വും ഒരുമിച്ച് റെക്കോർഡ് ചെയ്യുകയായിരുന്നു പതിവ്. അത്തരം സിനിമകളിൽ പാട്ടുകൾ കൂടുതൽ ഉണ്ടായിരുന്നതുകൊണ്ട് തന്നെ ഭാഗവതർമാരായിരുന്നു അന്നത്തെ സിനിമ കളിൽ നായകന്മാരായി വന്നിരുന്നത്. ഇന്നത്തെ കാലത്ത് ആക്ഷൻ ഓറിയന്റഡ് സിനിമകൾ കൂടുതൽ ആയതുകൊണ്ട് അടിതട പഠിച്ചവ രാണ് നായകന്മാരായി വരുന്നവരിൽ കൂടുതലും. കാലഘട്ടത്തിന്റെ വ്യത്യാസമാണത്.

എന്നാൽ അങ്ങനെയൊന്നുമല്ല ഇത്രയും വലിയ കലാരൂപമായ സിനിമയിൽ സംഭവിക്കേണ്ടത്. ലോകമൊട്ടാകെ, പുതുതായി രൂപപ്പെട്ട രാജ്യ ങ്ങളിൽ നിന്ന് പോലും വളരെ നല്ല സിനിമകൾ ഇറങ്ങുന്നുണ്ട് എന്നോർക്കണം. അടൂർ ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിച്ച രമേശ് ചെന്നിത്തല , സാംസ്കാ രിക മണ്ഡലങ്ങളിൽ നിന്ന് ഉത്ഭവിച്ച് ലോക പ്രശസ്തി ആർജിച്ച കലാരൂപമാണ് ആർട്ട് സിനി മകൾ അഥവാ സ്വതന്ത്ര സിനിമകൾ എന്നു പറയുകയുണ്ടായി. അത് ആദ്യമായി മലയാളത്തിന് പരിചയപ്പെടുത്തുന്നത് അടൂർ ഗോപാലകൃഷ്ണനാണ്. സർഗാത്മകതയുടെ ആവിഷ്കാരമായി അത്തരം സിനിമകളെ നമുക്ക് കാണാൻ സാധിക്കും.





ഈ സമാന്തരധാരയുടെ സവിശേഷതയാണ് ഫിലിം സൊസൈറ്റികൾ. മലയാളിക്ക് അത് ആദ്യമായി പരിചയപ്പെടുത്തിയത് അടൂർ ഗോപാലകൃഷ്ണനാണ്. ലോകക്ലാസിക് സിനിമകൾ ഫിലിം സൊസൈറ്റികളിലൂടെ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ വലിയ പരിശ്രമങ്ങൾ മൂലമാണ്.

ഫിൽക്ക ഫിലിം സൊസൈറ്റി കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങളായി ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിച്ചുകൊണ്ട് വിശ്വപ്രസിദ്ധങ്ങളായ ചലച്ചിത്രങ്ങൾ മലയാളിക്ക് പരിചയപ്പെടുത്തി കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സൗജന്യമായി പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങളോടൊപ്പം സൗജന്യമായി വിതരണം ചെയ്യുന്ന ഒരു ഡിജിറ്റൽ സിനിമാ മാസികയും ഫിൽക്ക പ്രസിദ്ധീകരിച്ചു വരുന്നു എന്നുള്ളത് സന്തോഷം തരുന്ന വസ്തുതയാണ്.

വിവിധ സംഘടനകളും ഫിലിം സൊസൈറ്റികളും ഒത്തു ചേർന്നാണ് ഇന്നത്തെ അടൂർ ഫിലിം ഫെസ്റ്റിവൽ പൊതുജനങ്ങൾക്കായി എത്തിച്ചിരിക്കുന്നത്. അടൂർ ഗോപാലകൃഷ്ണൻ കേരളത്തിന്റെയോ, ഇന്ത്യയുടെയോ മാത്രമല്ല ലോകത്തിന്റെ തന്നെ വലിയ സ്വത്താണ്. മലയാള സിനിമയെ അന്താരാഷ്ട്ര തലത്തിൽ എത്തിച്ചതു തന്നെ അദ്ദേഹമാണ്. അടൂർ സിനിമകൾ ലോകരാജ്യങ്ങളിൽ വളരെയധികം സ്വീകരിക്കപ്പെട്ടിട്ടുള്ളവയാണ്. സാമ്പത്തിക നേട്ടത്തിന് വേണ്ടിയോ, വ്യാവസായിക താൽപര്യത്തിനു വേണ്ടിയോ അല്ല അടൂർ സിനിമ എടുത്തിട്ടുള്ളത്. അതുകൊണ്ടു തന്നെ ആ സിനിമകൾ എല്ലാം തന്നെ മൂല്യബോധമുള്ള സിനിമകളാണ്. അവയിലെല്ലാം തന്നെ സാർവ്വത്രികത നിറഞ്ഞു തുളുമ്പുന്നു. മനുഷ്യരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ സിനിമകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള, ആധുനിക കാലഘട്ടത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്. അതുകൊണ്ടു തന്നെ ലോകമൊട്ടാകെ നടക്കുന്ന ചലച്ചിത്രമേളകളിൽ അടൂർ സിനിമകൾ ധാരാളമായി പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. അടൂർ സാറിന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് ഈ അടൂർ ഫിലിം ഫെസ്റ്റ് ഉദ്ഘാടനം ചെയ്തതായി അറിയിച്ചു കൊള്ളുന്നു.

തുടർന്ന് രമേശ് ചെന്നിത്തല ഫിൽക്ക ഫിലിം സൊസൈറ്റിക്ക് വേണ്ടി അടൂർ ഗോപാലകൃഷ്ണനെ പൊന്നാട അണിയിച്ച് ആദരിച്ചു. ചടങ്ങിൽ സംസാരിച്ച സാബു ശങ്കർ പ്രത്യേക പ്രമേയം തിരഞ്ഞെടുത്ത് , റിസർച്ച് ചെയ്ത് , അതിൽ നിന്ന് ഏറ്റവും നല്ല സിനിമകൾ തിരഞ്ഞെടുത്തു കൊണ്ടാണ് ഓരോ മാസവും സൗജന്യമായി പ്രദർശിപ്പിക്കുന്ന ഫിലിം ഫെസ്റ്റിവലുകൾ നടത്തി വരുന്നത് എന്നു പറഞ്ഞു. വിശ്വപ്രസിദ്ധ ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണന്റെ വിഖ്യാത ചലച്ചിത്രങ്ങളുടെ ഈ മേളയിൽ , മുഖാമുഖം എന്ന സിനിമ കൂടി പ്രദർശിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നു. എങ്കിലും വരുന്ന സെപ്റ്റംബറിൽ ' പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്ര അദ്ധ്യായങ്ങൾ ' എന്ന പ്രമേയം അടിസ്ഥാനപ്പെടുത്തിയുള്ള സിനിമകളുടെ മേളയിൽ , ഇന്ത്യയിൽ നിന്നുള്ള ഏറ്റവും മികച്ച പ്രത്യയശാസ്ത്ര സിനിമകളിൽ ഒന്ന് എന്ന നിലയിൽ അതിൽ പ്രദർശിപ്പിക്കാനായി മുഖാമുഖം മാറ്റി വെച്ചിരിക്കുകയാണ് . അതിനാൽ ഇന്ന് പ്രദർശിപ്പിക്കുന്നത് എലിപ്പത്തായം,അനന്തരം,വിധേയൻ, മതിലുകൾ എന്നീ നാല് ചിത്രങ്ങളാണ്.

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC



ഏകദേശം രണ്ടു വർഷത്തോളമായി ഫിൽക്ക ഫിലിം സൊസൈറ്റി ലോകസിനിമയുടെ ഏസ്തെറ്റിക്സിനെ സംബന്ധിച്ചും , സിനിമയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റു വിഷയങ്ങളെ സംബന്ധിച്ചും ആഴത്തിലുള്ള പഠനങ്ങളും, ചർച്ചകളും നടത്തി അവയെ ഷൂട്ട് ചെയ്ത് , വെബിനാർ രൂപത്തിൽ, ചലച്ചിത്ര പ്രേമികൾക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്തക്ക രീതിയിൽ, ഒരു സീരീസായി പ്രദർശിപ്പിക്കുവാൻ പ്ലാൻ ചെയ്തു വരികയായിരുന്നു. ' സിനിമയുടെ വിശ്വജാലകം ' എന്നാണ് ഇതിന് പേരിട്ടിരിക്കുന്നത്. വിദ്യാർത്ഥികളേയും സിനിമ പ്രേമികളേയും ലോകസിനിമകളെ കൃത്യമായി ആസ്വദിക്കുവാനും വിശകലനം ചെയ്യുവാനും കെൽപ്പുള്ളവരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പരമ്പര ആരംഭിക്കുവാൻ തീരുമാനിച്ചത്. ഇതിന്റെ ഒന്നാമത്തെ എപ്പിസോഡിൽ അടൂർ സാറുമായുള്ള ഇന്റർവ്യൂ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ' ദൃശ്യവ്യാകരണം അടൂർ സിനിമകളിൽ' എന്നതാണ് അതിന്റെ ടോപ്പിക്ക്.

ഇനാഗുറൽ ഫംഗ്ഷന് ശേഷം അരമണിക്കൂർ വരുന്ന ഈ ഇന്റർവ്യൂ ഫിലിം പ്രദർശിപ്പിക്കുന്നതായിരിക്കും. ഇതു പോലെ തന്നെ വിജ്ഞാനപ്രദങ്ങളായ ഓരോ വിഷയങ്ങൾ ഓരോ എപ്പിസോഡിലും ഉൾക്കൊള്ളിക്കുന്നതായിരിക്കും.

ഫിൽക്ക പി.ആർ.ഓ. ജസിന്ത മോറിസ് അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു.










# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ സ്റ്റോക്കർ പുസ്തകം (മുഖവില 200 രൂപ) 150 രൂപയ്ക്ക് ലഭിക്കുന്നതാണ്. GPay സൗകര്യം ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app

September Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society



KSFDC


FILM VISION MONTHLY SEPTEMBER RS 2/ RNI-KER BIL/2002/8043

**Membership**


| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




**13th EDITION**
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |